VOL NO: 07 I ISSUE 45
www.nerpatham.com
mail@nerpatham.com
2023 NOVEMBER 11 I ₹10

# നേർപഥം
വാരിക

# കളമശ്ശേരി, ഫലസ്തീൻ; വർത്തമാനങ്ങളുടെ വർത്തമാനം

പകയുടെ കരിമ്പുകയിൽ ശ്വാസം കിട്ടാതുലയുന്ന സമകാലികലോകത്താണ് നാം ജീവിക്കുന്നത്. സ്വന്തമല്ലാത്തതെല്ലാം എതിർപക്ഷത്താണെന്നും ജീവിതമർഹിക്കുന്നില്ലെന്നും ചിന്തിക്കുന്നവരുടെ മനോനില ഏറെ വിചിത്രമാണ്! ഫലസ്തീനിലും മണിപ്പൂരിലും ഇങ്ങ് കളമശ്ശേരിയിലുമെല്ലാം വീശിത്തുടങ്ങിയ ആ വിഷപ്പുക നമ്മുടെ അന്നനാളങ്ങളെ അലോസരപ്പെടുത്തുന്നതിന് മുമ്പ് തിരുത്തിയേ മതിയാവൂ.

## മാധ്യമധർമം വഴിതെറ്റുന്നുവോ?

|| മറ്റുള്ളവർക്കുവേണ്ടിയും പ്രാർഥിക്കുക
|| മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണം?
|| ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

## ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay

BHIM UPI

# 0355
# നേർപഥം
വാരിക

2023 നവംബർ 11
1445 റ.ആഖിർ 27
പുസ്തകം 07 / ലക്കം 45





Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






കവർ സ്റ്റോറി 10

**കളമശ്ശേരി, ഫലസ്തീൻ; വർത്തമാനങ്ങളുടെ വർത്തമാനം**
ടി.കെ അശ്റഫ് / ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05
മാധ്യമധർമം വഴിതെറ്റുന്നുവോ?

വിമർശനം
06
ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും
അബൂഫർഹാൻ ബിൻ യൂസുഫ്

ലേഖനം
26
തൗഹീദിലേക്ക് ക്ഷണിക്കപ്പെടുന്നു
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

വനിതാപഥം
17
മറ്റുള്ളവർക്കുവേണ്ടിയും പ്രാർഥിക്കുക
ഹുസ്നമലോറം

പുസ്തക പരിചയം
29
1. ആധുനിക ഫത്‌വകൾ
2. ഒരു ഗോത്രവർഗആദിവാസിയുടെ സത്യാന്വേഷണത്തിന്റെ അന്ത്യം
മുഫീദ് പാലക്കാഴി

ലേഖനം
18
സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും
ഡോ. ഷാനവാസ് യു.എസ്.എ

ഫത്‌വ
30
മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണം?
വിവ: കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

നിയമപഥം
22
പൊലീസ് സ്റ്റേഷനും പൊതുജനങ്ങൾക്കുള്ള അവകാശങ്ങളും
അബൂ ആദം അയ്മൻ

ക്വുർആൻ ദർശനം
32
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
23
കാപട്യത്തിലേക്കുള്ള നാലു വാതിലുകൾ
മുഹമ്മദ് സിയാദ് കണ്ണൂർ

ബാലപഥം
34
കടൽ ഒരു വിസ്മയം
ഉസ്മാൻ പാലക്കാഴി

# സി.എം: മൈസൂർ കാടുകളിൽ കാട്ടാനകൾക്കൊപ്പം!

'സി.എം മടവൂരിന്റെ മതവിരുദ്ധ ചെയ്തികളും കുരുക്കിലായ സമസ്തയും' എന്ന തലക്കെട്ടിൽ മൂസ സ്വലാഹി കാര എഴുതിയ ലേഖനം കാലിക പ്രസക്തവും ചിന്താർഹവുമായിരുന്നു. സമസ്തക്കാരുടെ വീക്ഷണ പ്രകാരം ഒരാൾ അല്ലാഹുവിന്റെ ഇഷ്ടം നേടിയ വലിയ്യാകണമെങ്കിൽ അയാൾ കുളിക്കാതെ, പല്ലുതേക്കാതെ, വൃത്തിയുള്ള വസ്ത്രം ധരിക്കാതെ, നമസ്കാരം, നോമ്പ് പോലുള്ള ആരാധനകൾ ചെയ്യാതെ അലഞ്ഞുതിരിഞ്ഞ് നടക്കണം. ശരീഅത്ത് നിയമങ്ങളൊന്നും വലിയ്യിന് ബാധകമല്ലത്രെ!

അല്ലാഹുവിന്റെ സാമീപ്യം ലഭിച്ചവനാണ് വലിയ്യ്. 'ഔലിയാഅ്' എന്നാണ് ഇതിന്റെ ബഹുവചനം. എങ്കിലും 'ഔലിയാക്കൾ' എന്നാണ് ആളുകൾ പൊതുവെ പറഞ്ഞുവരുന്നത്. ആരൊക്കെയാണ് അല്ലാഹുവിന്റെ ഔലിയാക്കൾ? വിശ്വാസരംഗത്തും കർമരംഗത്തും സ്വഭാവരംഗത്തും അല്ലാഹുവിന്റെ കൽപനകളും നിരോധനങ്ങളും പാലിച്ച് അല്ലാഹുവിന്റെ നിർദേശങ്ങൾക്കൊത്ത് ജീവിക്കുന്നതിലൂടെ അല്ലാഹുവിന്റെ സാമീപ്യം ലഭിച്ചവനാണ് വലിയ്യ്.

"ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ ഔലിയാഅ്, അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 10:62-63).

സിഎമ്മിനെക്കുറിച്ചുള്ള ഒരു ഫെയ്സ് ബുക് പോസ്റ്റിൽ ഒരാൾ എഴുതുന്നു: "...ഇതിനിടയിൽ 1962ൽ ഹജ്ജുകർമത്തിനു പുറപ്പെട്ടത് അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായി. മദീന സന്ദർശന വേളയിൽ നബിയോടുള്ള ഇശ്ഖ് മൂലം റൗളാ ശരീഫിനടുത്തുവെച്ച് അദ്ദേഹം ബോധരഹിതനായി വീണതായി കൂടെയുണ്ടായിരുന്നവർ പറഞ്ഞിട്ടുണ്ട്. തിരികെ വന്നശേഷം ആരാധനകളിൽ കൂടുതൽ മുഴുകി. ഭൗതിക കാര്യങ്ങളിൽ കൂടുതൽ വിരക്തി പ്രകടിപ്പിച്ചു തുടങ്ങി...സൂഫിസത്തിന്റെ അത്യുന്നതലോകത്തേക്ക് അദ്ദേഹം പ്രവേശിച്ചു. പിന്നീട് ഭക്ഷണമില്ല, വിശ്രമമില്ല, ആരുമായും സംസാരമില്ല. കഠിനമായ ആരാധനകൾ. എന്നും വ്രതാനുഷ്ഠാനം. നോമ്പ് തുറക്കാനും അത്താഴത്തിനുമെല്ലാം ഒരു ഈത്തപ്പഴം. രണ്ടു ദിവസം കൂടുമ്പോൾ അൽപം ആട്ടിൻപാൽ... ഇങ്ങനെ മൂന്നു വർഷം തുടർന്നു... പിന്നെ യാത്രകളുടെ കാലമായിരുന്നു. മൂന്നു വർഷക്കാലം ഇങ്ങനെ ചുറ്റിസഞ്ചരിച്ചതായി സഹചാരികൾ പറയുന്നു. മഹാന്മാരെ സിയാറത്ത് ചെയ്യും, ക്ഷണിച്ചാൽ വീടുകളിലേക്ക് വരും, വനങ്ങളിൽ ജീവിച്ചു കായ്കനികൾ ഭക്ഷിക്കും. അക്കാലത്ത് അദ്ദേഹത്തെ മൈസൂർ കാടുകളിൽ കാട്ടാനകൾക്കും വന്യജീവികൾക്കുമിടയിൽ കണ്ടവരുണ്ട്."

"ഇതിനുശേഷം പത്ത് വർഷത്തോളം കോഴിക്കോട്ടെ മമ്മുട്ടി മൂപ്പന്റെ വീട്ടിലായിരുന്നു താമസം. സന്ദർശിക്കാനെത്തുന്ന ആയിരക്കണക്കിനു പേർക്ക് ആശ്വാസത്തിന്റെ വാക്കുകളും സാന്ത്വനത്തിന്റെ തണലുമായിരുന്നു പിന്നീടുള്ള ജീവിതം. അസുഖം വേണ്ട, വേദന വേണ്ട....അത്തരം വാക്കുകൾ പ്രതീക്ഷിച്ചു സി.എമ്മിനെ സമീപിക്കാൻ ആളുകൾ അങ്ങോട്ടൊഴുകി..."

അത്താഴത്തിന് ഒരു ഈത്തപ്പഴം, നോമ്പ് തുറക്കുമ്പോൾ ഒരു ഈത്തപ്പഴം, രണ്ടു ദിവസം കൂടുമ്പോൾ അൽപം ആട്ടിൻപാൽ... ഇങ്ങനെ മൂപ്പർ 3 വർഷമാണത്രെ ജീവിച്ചത്. ചിലപ്പോൾ ഭക്ഷണമേ വേണ്ട. സംസാരവുമില്ല. മൈസൂർ കാടുകളിൽ കാട്ടാനകൾക്കും പുലി, കടുവ പോലുള്ള വന്യജീവികൾക്കുമൊപ്പം സഹവാസം! ആള് ചില്ലറക്കാരനൊന്നുമല്ല എന്ന് മനസ്സിലായില്ലേ!

ഇതൊക്കെ അപ്പടി വിശ്വസിക്കാൻ സമസ്തയുടെ കുഞ്ഞാടുകൾ റെഡിയാണ്. ലോകം നിയന്ത്രിക്കുന്ന ഭാരിച്ച പണി ഏറ്റെടുത്തു നടത്തുന്നത് ഈ മഹാനാണ് എന്ന തള്ളൽ സംശയമില്ലാതെ അംഗീകരിക്കുന്നവർക്ക് ഇതിലൊക്കെ എന്തു സംശയം!

**-പി.കെ.എം, തൃശൂർ**

# മാധ്യമധർമം വഴിതെറ്റുന്നുവോ?

വംശീയത, മതവിദ്വേഷം, ജാതീയത, വർഗീയത തുടങ്ങിയവയെ ഊട്ടിയുറപ്പിക്കുന്നതിലും എതിർത്തു തോൽപിക്കുന്നതിലും മാധ്യമങ്ങൾക്കുള്ള പങ്ക് ചെറുതല്ല. എന്നാൽ വർത്തമാനകാലത്ത് ഇത്തരം അമാനവികമായ കാര്യങ്ങളെ ഊട്ടിയുറപ്പിക്കുന്നതിലാണ് മാധ്യമങ്ങളിൽ ഏറെയും ശ്രദ്ധ പുലർത്തുന്നത് എന്നു പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. കളമശ്ശേരി സ്ഫോടനാനന്തരം കേരളത്തിലെ ചില മാധ്യമങ്ങളും ദേശീയ മാധ്യമങ്ങളും സ്വീകരിച്ച നിലപാട് ഇതിനു തെളിവാണ്.

രാഷ്ട്രീയ പാർട്ടികൾ, ഭരണകൂടം, മത-സമുദായ സംഘടനകൾ, കോർപ്പറേറ്റുകൾ...തുടങ്ങി പലതിനെയും പലരെയും തൃപ്തിപ്പെടുത്തിയാലേ നിലനിൽക്കാൻ കഴിയൂ എന്ന അവസ്ഥയിലാണ് മാധ്യമങ്ങളുള്ളത്. അതിനാൽ പല വാർത്തകളും വളച്ചൊടിച്ച് കൊടുക്കേണ്ടിവരുന്നു. വൻകിട വ്യവസായികളുടെ അതൃപ്തിക്ക് പാത്രമായാൽ അവരുടെ പരസ്യങ്ങൾ കിട്ടാതാകും. അതുവഴി നഷ്ടപ്പെടുന്നത് ലക്ഷങ്ങളോ കോടികളോ ആയിരിക്കാം. അതുകൊണ്ട് ചില വാർത്തകൾ മറച്ചുവെക്കേണ്ടിവരും, അല്ലെങ്കിൽ സത്യാവസ്ഥ മറച്ചുവെച്ച് കൊടുക്കേണ്ടിവരും.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ ആധുനികതയുടെ ഇടപെടൽ മണ്ഡലങ്ങളായി കരുതിപ്പോരുന്ന നാനാതരം സാമൂഹ്യപ്രസ്ഥാനങ്ങൾക്കു വഴിവെച്ചത് മുഖ്യമായും അച്ചടി സാങ്കേതികതയും സാക്ഷരതയും വായനയുമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതി അവസാനിക്കുന്നതാകട്ടെ, അച്ചടിക്കൊപ്പം റേഡിയോ, സിനിമ എന്നീ രണ്ടു പുതിയ മാധ്യമങ്ങളുടെ ആവിർഭാവത്തോടെയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ വരവിനും വളർച്ചയ്ക്കും സാക്ഷിയായി. അച്ചടി, ശ്രാവ്യ, ദൃശ്യ മാധ്യമങ്ങളൊന്നടങ്കം ഇന്റർനെറ്റ് സൃഷ്ടിച്ച അപാരമായ ഇടപെടൽ സാധ്യതകൾ സ്വീകരിച്ച് കൂടുതൽ കരുത്താർജിച്ചു.

ആഗോളതലത്തിലും ദേശീയതലത്തിലും കഴിഞ്ഞ കാൽനൂറ്റാണ്ട് സാക്ഷ്യം വഹിച്ച ശ്രദ്ധേയമായ സാമൂഹ്യ പ്രതിഭാസങ്ങളിലൊന്നാണ് മനുഷ്യാവകാശപ്രസ്ഥാനങ്ങൾക്കുണ്ടായ അഭൂതപൂർവമായ പ്രചാരവും പ്രസക്തിയും. കേരളത്തിൽ തന്നെ നിരവധി മനുഷ്യാവകാശ, വിവരാവകാശ പ്രവർത്തകരും സംഘടനകളും തുടക്കംകുറിച്ച സാമൂഹ്യ ഇടപെടലുകൾക്ക് മാധ്യമങ്ങൾ നൽകുന്ന പിന്തുണയും പ്രചാരവും അഭിനന്ദനീയമാണ്.


പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് നവമാധ്യമങ്ങൾക്കുള്ള ഏറ്റവും വലിയ വ്യത്യാസങ്ങളിലൊന്ന് അവയുടെ ആശയ-വാർത്താവിനിമയ സാധ്യതയാണ്. ഏറ്റവും കുറഞ്ഞ ചെലവിലും കൂടിയ വേഗത്തിലും ആഗോള പൗരന്മാരായി മാറാൻ നവമാധ്യമങ്ങൾ വ്യക്തികളെ സഹായിക്കുന്നു.

മാധ്യമങ്ങളുടെ സ്വാധീന ഫലമായി സംഭവിക്കുന്ന പൊതുസമൂഹ പരിണാമങ്ങളാണ് നവരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഊർജസ്രോതസ്സ്. ജനകീയ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മാധ്യമങ്ങൾ-വിശേഷിച്ചും ടെലിവിഷൻ, സാമൂഹ്യ മാധ്യമങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയവ- നൽകുന്ന പ്രചാരവും പിൻബലവും ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്. വിപണിതാൽപര്യങ്ങൾ ബലികഴിച്ചുകൊണ്ടോ മറികടന്നുകൊണ്ടോ മാധ്യമങ്ങൾക്ക് നിലനിൽക്കാനാവില്ല എന്നിടത്തോളം എത്തിയിരിക്കുന്നു കാര്യങ്ങൾ. ■

വിമർശനം

# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

അബൂ ഫർഹാൻ ബിൻ യൂസുഫ്, കോട്ടക്കൽ




മുസ്‌ലിം ചരിത്രത്തിൽ വളരെ സ്വാധീനം ചെലുത്തിയ വ്യക്തിത്വമാണ് ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി(റഹി). ഉള്ളതും ഇല്ലാത്തതുമായ മദ്ഹുകളും കറാമത്തുകളും ശൈഖിന്റെ പേരിൽ തട്ടിവിടുന്ന കേരള സമസ്തക്കാർ അദ്ദേഹത്തിന്റെ അക്വീദയെക്കുറിച്ച് പഠിച്ചിട്ടില്ലെന്നതാണ് വാസ്തവം. അദ്ദേഹത്തിന്റെ കിതാബായ 'ഗുൻയതുത്ത്വാലിബീൻ' തന്നെ കൂടുതലാരും മറിച്ചുനോക്കിയിട്ടുണ്ടാകില്ല. നോക്കിയവർ തന്നെ 'പുത്തൻവാദികൾക്ക് മയ്യിത്ത് നമസ്കാരം നിർവഹിക്കാൻ പാടില്ലെ'ന്നു പറയുന്ന ഭാഗം മാത്രമാകും അധികവും വായിച്ചിട്ടുണ്ടാവുക. പ്രസ്തുത ഗ്രന്ഥത്തിലെ 'അസ്മാഉ വസ്സിഫാതി'ന്റെ ഭാഗത്തേക്ക് സമസ്ത ബറേൽവി നേതാക്കൾ തിരിഞ്ഞുനോക്കാറില്ല.

ഈ ഭാഗം സമസ്തക്കാരെ വല്ലാതെ വിഷമിപ്പിക്കാറുണ്ട്. ഹൈതമിയുടെ 'കടത്തിക്കൂട്ടൽ കഥ' പറഞ്ഞ് ബറേൽവി ഉസ്താദുമാർ അത് പഠിക്കാൻ സമ്മതിക്കാറുമില്ല. സൂഫികളിൽനിന്നും കളഞ്ഞുകിട്ടിയ ഈ 'കൂട്ടൽകഥ' സൂഫി-അശ്അരി പക്ഷപാതിയായ ഇബ്നു ഹജറുൽ ഹൈതമി ഏറ്റെടുത്തപ്പോൾ പിൽക്കാലക്കാരായ സൂഫികളുടെ കിതാബുകളിൽ ഈ കഥ ഇടംപിടിച്ചു.

കക്ഷിത്വം മൂത്ത് തനിക്കിഷ്ടമില്ലാത്തതിനെയെല്ലാം എന്തെങ്കിലും ദുർന്യായങ്ങൾ നിരത്തി പുറത്താക്കുന്ന ഹൈതമി ശൈഖ് ജീലാനിയുടെ ഗുൻയഃയെയും പുറത്ത് നിറുത്തിയിരിക്കുകയാണ്. ഗുൻയഃയെ കുറിച്ച് ഹൈതമി പറയുന്നത് നോക്കൂ: "അബ്ദുൽ ക്വാദിർ ജീലാനിയുടെ 'കിതാബുൽ ഗുൻയഃ'യിൽ ഉള്ളതു കണ്ട് നീ വഞ്ചിതനാകരുത്. ചിലർ

ഹ്‌യിദ്ദീൻ ശൈഖിന്റെ സ്വന്തം കിതാബിൽ ചിലർ കടത്തിക്കൂട്ടൽ നടത്തിയെന്നു പറയുന്നത് ശൈഖിന്റെ കഴിവിനെ ചോദ്യം ചെയ്യലല്ലേ എന്നൊന്നും ആരും ചോദിച്ചേക്കരുത്. കിതാബുൽ ഗുൻയയിൽ കടത്തിക്കൂട്ടൽ നടന്നെന്ന് പറയുന്ന ഹൈതമിയും കൂട്ടരും അതിൽ ഇടംപിടിച്ച നിർമിത ഹദീസുകൾ കടത്തിക്കൂട്ടിയതാണെന്നു പറയാനൊരു സാധ്യതയും കാണുന്നില്ല. കാരണം ഹദീസിന്റെ ഉസ്വൂലുകളെയെല്ലാം കാറ്റിൽ പറത്തി വ്യാജ ഹദീസുകൾകൊണ്ട് ഫത്‌വ കൊടുക്കുന്ന ഹൈതമി കിതാബുൽ ഗുൻയത്തിലെ നിർമിത ഹദീസുകൾ കടത്തിക്കൂട്ടപ്പെട്ടതാണെന്നു പറയില്ല. പറയാനൊരു ന്യായവുമില്ല. പിന്നെ കടത്തിക്കൂട്ടൽ വാദം അസ്മാഉ വസ്സിഫാതിൽ മാത്രമാകാനേ തരമുള്ളൂ. അതിനാൽ അവർ പറയുന്ന കടത്തിക്കൂട്ടൽ എന്താണെന്ന് നമുക്ക് പരിശോധിക്കാം.

മുജാഹിദുകളുടെ അല്ലാഹു വികലാംഗനാണെന്ന് പറഞ്ഞു പരിഹസിക്കാൻ സമസ്തക്കാർ പറയാറുള്ളതാണല്ലോ, അല്ലാഹുവിന്റെ രണ്ട് കൈയും വലതാണെന്ന വിശേഷണം. അതിനെക്കുറിച്ച് ശൈഖ് ജീലാനി(റഹി) പറയുന്നത് നോക്കാം: "അവന് ഇരു കൈകൾ ഉണ്ട്. അവ രണ്ടും




അതിലേക്ക് കടത്തിക്കൂട്ടിയതാണത്. അന്ത്യനാളിൽ അല്ലാഹു അതിനു പകരം ചോദിക്കും. അദ്ദേഹം അതിൽനിന്ന് മുക്തനാണ്..." (ഫതാവൽ ഹദീസിയ്യ, 1/145).

കിതാബുൽ ഗുൻയഃയിൽ ശൈഖിന്റേതല്ലാത്ത വാചകങ്ങൾ ചിലർ കൂട്ടിച്ചേർത്തുവെന്നാണ് ഇബ്നു ഹജറുൽ ഹൈതമി ആരോപിക്കുന്നത്. ഈ വിഷയത്തിലെ അദ്ദേഹത്തിന്റെ 'വിഷമവും' ജീലാനിയുടെ മദ്ഹും രേഖപ്പെടുത്തി എന്നല്ലാതെ, 'കടത്തിക്കൂട്ടൽ' നടന്നിട്ടില്ലാത്ത ഗുൻയഃ താൻ കണ്ടുവെന്നോ ഇന്നയിന്ന പണ്ഡിതർ അതിലില്ലാത്ത ഉദ്ധരണികൾ ഉദ്ധരിച്ചുവെന്നോ അതുമല്ലെങ്കിൽ നിലവിലെ പതിപ്പിലുള്ളതിനു വിരുദ്ധമായി ശൈഖ് ജീലാനിയിൽനിന്നോ ഹമ്പലികളിൽനിന്നോ ഗുൻയഃയിലുള്ളതിനു വിരുദ്ധമായി ഉദ്ധരിച്ചതോ മറ്റു തെളിവുകളോ തന്റെ വാദം സ്ഥാപിക്കാൻ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഈ ആരോപണത്തിൽ ഒരു കഴമ്പുമില്ലെന്നർഥം. അതിനാലായിരിക്കാം അന്ത്യനാളിൽ അല്ലാഹു പകരം ചോദിക്കുമെന്നു പറഞ്ഞ് ഹൈതമി തടിയൂരിയത്.

സമസ്തക്കാരുടെ വിശ്വാസപ്രകാരം എല്ലാ അറിവുകളും കഴിവുകളും നിയന്ത്രണവുമുള്ള മു

**കിതാബുൽ ഗുൻയഃയിൽ ശൈഖിന്റേതല്ലാത്ത വാചകങ്ങൾ ചിലർ കൂട്ടിച്ചേർത്തുവെന്നാണ് ഇബ്നു ഹജറുൽ ഹൈതമി ആരോപിക്കുന്നത്. ഈ വിഷയത്തിലെ അദ്ദേഹത്തിന്റെ 'വിഷമവും' ജീലാനിയുടെ മദ്ഹും രേഖപ്പെടുത്തി എന്നല്ലാതെ, 'കടത്തിക്കൂട്ടൽ' നടന്നിട്ടില്ലാത്ത ഗുൻയഃ താൻ കണ്ടുവെന്നോ ഇന്നയിന്ന പണ്ഡിതർ അതിലില്ലാത്ത ഉദ്ധരണികൾ ഉദ്ധരിച്ചുവെന്നോ അതുമല്ലെങ്കിൽ നിലവിലെ പതിപ്പിലുള്ളതിനു വിരുദ്ധമായി ശൈഖ് ജീലാനിയിൽനിന്നോ ഹമ്പലികളിൽനിന്നോ ഗുൻയഃയിലുള്ളതിനു വിരുദ്ധമായി ഉദ്ധരിച്ചതോ മറ്റു തെളിവുകളോ തന്റെ വാദം സ്ഥാപിക്കാൻ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല.**

വലതാണ്; അവൻ ആകാശങ്ങളെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കും എന്നു പറഞ്ഞതുപോലെ (സുമർ 67)'' (കിതാബുൽ ഗുൻയഃ 1/122).


അല്ലാഹുവിനു 'യദ്' എന്ന വിശേഷണമേയില്ലെന്നു പറയുന്ന ഹൈതമിഭക്തന്മാർക്ക് ശൈഖ് ജീലാനി പറഞ്ഞാലും ഇക്കാര്യം ഉൾക്കൊള്ളാൻ പറ്റാത്തത് സ്വാഭാവികം മാത്രം. അതുകൊണ്ടുതന്നെ കൂട്ടിച്ചേർക്കൽ കഥ പറയുകയല്ലാതെ കേരള ബറേൽവികൾക്കോ ഹൈതമിക്കോ വേറൊരു നിർവാഹവുമില്ല. ഗുൻയഃയിൽ ശൈഖ് ജീലാനി വീണ്ടും പറയുന്നു:

"അവൻ ഉലുവ്വിന്റെ ജിഹത്തിലാണ്, അർശിനു മുകളിൽ ഇസ്തിവാഅ് ചെയ്തവനാണ്. അവൻ ആധിപത്യമുള്ളവനും അവന്റെ അറിവ് എല്ലാ കാര്യങ്ങളെയും വലയം ചെയ്യപ്പെട്ടിരിക്കുന്നതുമാണ്''(1/121).

**അല്ലാഹു ഏഴാകാശങ്ങൾക്കും ഉന്നതിയിലാണെന്നും അവൻ അർശിനു മുകളിൽ ഇസ്തിവാഅ് ചെയ്തവനാണെന്നും പറയുന്നത് ഒരു സമസ്തക്കാരനും സഹിക്കില്ലല്ലോ. അപ്പോൾ പിന്നെ കടത്തിക്കൂട്ടിയതെന്നല്ലാതെ മറ്റെന്തു പറയാൻ! ആ 'കടത്തിക്കൂട്ടിയ' വിദ്വാൻ മുഹ്‌യിദ്ദീൻ ശൈഖിന്റെ നിയന്ത്രണത്തിൽ പെടില്ലെന്ന് വല്ല ബറേൽവികളും വിശ്വസിക്കുന്നുവെങ്കിൽ പിന്നെ ശൈഖിന്റെ കൺട്രോൾ പോയെന്നു പറയുന്നതാകും നല്ലത്! അങ്ങനെവന്നാൽ ഒരു നിയന്ത്രണവുമില്ലാത്ത, ശൈഖിനോട് നടത്തുന്ന ഇസ്തിഗാസയും വെള്ളത്തിലായി!**

അല്ലാഹു ഏഴാകാശങ്ങൾക്കും ഉന്നതിയിലാണെന്നും അവൻ അർശിനു മുകളിൽ ഇസ്തിവാഅ് ചെയ്തവനാണെന്നും പറയുന്നത് ഒരു സമസ്തക്കാരനും സഹിക്കില്ലല്ലോ. അപ്പോൾ പിന്നെ കടത്തിക്കൂട്ടിയതെന്നല്ലാതെ മറ്റെന്തു പറയാൻ! ആ 'കടത്തിക്കൂട്ടിയ' വിദ്വാൻ മുഹ്‌യിദ്ദീൻ ശൈഖിന്റെ നിയന്ത്രണത്തിൽ പെടില്ലെന്ന് വല്ല ബറേൽവികളും വിശ്വസിക്കുന്നുവെങ്കിൽ പിന്നെ ശൈഖിന്റെ കൺട്രോൾ പോയെന്നു പറയുന്നതാകും നല്ലത്! അങ്ങനെവന്നാൽ ഒരു നിയന്ത്രണവുമില്ലാത്ത, ശൈഖിനോട് നടത്തുന്ന ഇസ്തിഗാസയും വെള്ളത്തിലായി! ശൈഖ് തന്നെ തുടരട്ടെ:

"ഒരു വ്യാഖ്യാനവും കൂടാതെ 'ഇസ്തിവാഅ്' എന്ന വിശേഷണം സ്ഥിരപ്പെടുത്തേണ്ടതാണ്. മുജസ്സിമിയ്യത്തും കറാമിയ്യത്തും പറയുന്നതുപോലെ സൃഷ്ടികളുടെ ഇരുത്തം, സ്പർശനം എന്ന അർഥത്തിലല്ല. ഇത് ഉന്നതമായ സ്ഥാനമെന്ന, അശ്അരിയാക്കൾ വ്യാഖ്യാനിച്ചു പറയുന്ന അർഥത്തിലല്ല. അതിജയിക്കുക, പരാജയപ്പെടുത്തുക എന്ന, മുഅ്തസിലിയ്യാക്കൾ പറയുന്ന അർഥത്തിലുമല്ല. കാരണം അത് ശറഇൽ സ്ഥിരപ്പെടുകയോ സ്വഹാബത്തിൻനിന്നോ താബിഉകളിൽനിന്നോ ഹദീസിന്റെ ആളുകളിൽനിന്നോ ഒന്നും ഉദ്ധരിക്കപ്പെടുകയോ ചെയ്തിട്ടുമില്ല'' (കിതാബുൽ ഗുൻയഃ 1/125).



അർശിനു മുകളിലുള്ള, അല്ലാഹുവിന്റെ 'ഇസ്തിവാഅ്' എന്ന വിശേഷണം മജാസ് (ആലങ്കാരികം) അല്ലെന്നും അതു ഹഖീഖിയായി (യഥാർഥത്തിൽ), അവന്റെ ദാത്തോടുകൂടി തന്നെയുള്ള വിശേഷണമാണെന്നും ശൈഖ് ജീലാനി സ്ഥിരപ്പെടുത്തുന്നു. ഉന്നതമായ സ്ഥാനം എന്ന അശ്അരി ദുർവ്യാഖ്യാനത്തെ ശൈഖ് ജീലാനി (റഹി) ശറഇന്റെയും സലഫിന്റെയും പിൻബലമില്ലെന്നു പറഞ്ഞ് തള്ളിക്കളയുന്നു. അശ്അരിയാക്കളുടെ പേരുപറഞ്ഞ് അശ്അരി വാദത്തെ അവഗണിച്ചതിനാൽ സമസ്ത ബറേൽവി സുഹൃത്തുക്കൾക്ക് ദുർവ്യഖ്യാനിക്കാനും നിർവാഹമില്ലാതെയായിപ്പോയി. ഈ ദയനീയാവസ്ഥ ഗുൻയഃയിലെ കടത്തിക്കൂട്ടൽ കഥ സ്ഥിരപ്പെടുത്താൻ അവരെ നിർബന്ധിതരാക്കി. ഹൈതമി പറഞ്ഞ കൂട്ടിച്ചേർക്കൽ കഥ അവർക്ക് വിനയാവുകയും ചെയ്തു. ഗുൻയഃയിൽ അല്ലാഹുവിന്റെ ഇറക്കത്തെ വിവരിക്കുന്നതു നോക്കുക: "തീർച്ചയായും അല്ലാഹു എല്ലാ രാത്രിയിലും സമാഉദ്ദുൻയയിലേക്ക് ഇറങ്ങുന്നു. മുഅ്തസിലികളും അശ്അരികളും അവകാശപ്പെടുന്നതുപോലെ 'കാരുണ്യത്തിന്റെ ഇറക്കം,' 'പ്രതിഫലത്തിന്റെ ഇറക്കം' എന്ന അർഥത്തിലല്ല.''

'അമേരിക്കയിൽ രാത്രിയാകുമ്പോൾ ഇന്ത്യയിൽ പകലാണല്ലോ, പിന്നെങ്ങനെയാണ് എല്ലാ രാത്രിയിലും ഇറങ്ങുന്നത് എന്ന് ഒരു എൽകെജി കുട്ടി ചോദിച്ചാൽ

എന്തു മറുപടി പറയും മൗലവീ' എന്ന് കേരള ബറേൽവി ഉസ്താദുമാർ തങ്ങളുടെ ചോദ്യം എൽകെജി കുട്ടികളുടെ തലയിൽ വെച്ചുകെട്ടി ചോദിക്കാറുണ്ട്. ഭൂമിയിലെ സമയം ഭൂമിയിലുള്ളവർക്ക് പോലും ബാധകമല്ലെങ്കിൽ, രാത്രി, പകൽ എന്നതിനപ്പുറം കാലവും സമയവും സ്ഥലവുമൊക്കെ അല്ലാഹുവിന് ബാധകമാണോ ബറേൽവി സുഹൃത്തേ എന്ന് തിരിച്ചു ചോദിച്ചാൽ ആഎൽകെജി നിലവാരക്കാരനെ പിന്നെ കാണാനുണ്ടാകില്ല. പ്രസ്തുത ഇറക്കമാണ് അബ്ദുൽ ക്വാദിർ ജീലാനി ഇവിടെ സ്ഥാപിക്കുന്നത്. ഇതെല്ലാം കിതാബുൽ ഗുൻയഃയിൽ കാണുമ്പോൾ ഇതെല്ലാം കടത്തിക്കൂട്ടിയതാണെന്ന് പറയുകയില്ലാതെ മറ്റെന്തു വഴി!

ശൈഖ് വീണ്ടും അശ്അരികൾക്ക് നേരെ വാളെടുക്കുന്നത് കാണുക: "ക്വുർആൻ സൃഷ്ടിയാണെന്നോ ഈ പാരായണമല്ലാത്ത യഥാർഥ പാരായണം വേറെയുണ്ട് എന്നോ ഒരുത്തൻ വാദിച്ചാൽ, അല്ലെങ്കിൽ ക്വുർആനിന്റെ ലഫ്ദ് (വാക്ക്) സൃഷ്ടിയാണെന്ന് ഒരാൾ പറഞ്ഞാൽ അവൻ അല്ലാഹുവിനെ അവിശ്വസിച്ചിരിക്കുന്നു. അവന്റെ കൂടെ ഇടപഴകുവാനോ ഭക്ഷണം കഴിക്കുവാനോ സഹവസിക്കുവാനോ അവനു നിക്കാഹ് ചെയ്തു കൊടുക്കുവാനോ പാടില്ല. അവനെ വെടിയുകയും നിസ്സാരപ്പെടുത്തുകയും വേണം. അവനു മയ്യിത്ത് നമസ്കരിക്കുവാനോ അവന്റെ പിറകിൽ നമസ്കരിക്കുവാനോ പാടില്ല. അവന്റെ സാക്ഷ്യം സ്വീകാര്യമല്ല, നിക്കാഹിന് രക്ഷാധികാരിയാക്കൽ സ്വഹീഹുമല്ല. അവനെ കണ്ടെത്തിയാൽ മുർത്തദ്ദിനെപ്പോലെ മൂന്നുപ്രാവശ്യം തൗബ ചെയ്യാൻ ആവശ്യപ്പെടണം ..."(ഗുൻയഃ 1/128).

ഇബ്നു തൈമിയ്യ(റ)യെ മുജസ്സിമിയാക്കുന്ന ഹൈതമിഭക്തൻമാർക്ക് ഇതിലും വലിയ അടി കിട്ടാനുണ്ടോ? മുജാഹിദുകളെ തുടരാനോ അവർക്ക് മയ്യിത്ത് നമസ്കരിക്കാനോ അവരോടു സഹവസിക്കാനോ സലാം പറയുവാനോ പാടില്ലെന്ന്; കിതാബുൽ ഗുൻയഃ വായിച്ച്, മുഹ്‌യിദ്ദീൻ ശൈഖ് പറഞ്ഞതാണെന്ന് പറഞ്ഞുനടക്കുന്ന സമസ്തക്കാർക്ക് തങ്ങളെ പറ്റിയാണ് ഈ പറഞ്ഞതെന്ന് മനസ്സിലായിക്കാണില്ല.

ഒ.കെ സൈനുദ്ദീൻ കുട്ടി മുസ്‌ലിയാരുടെ ഹദീസ് ഗുരുക്കന്മാരായ ഖലീൽ അഹ്മദ് സഹാറൻപൂരിയെയും(റഹി) കാസിം നാനൂത്തവിയെയും(റഹി) പേരെടുത്തു പറഞ്ഞ് മുർത്തദ്ദ് (മതഭ്രഷ്ടൻ) എന്നു വിശേഷിപ്പിച്ച അഹ്മദ് റസാ ഖാൻ ബറേൽവിയെ ഇമാമാക്കുന്നവർക്ക് ഇത്തരം 'കുരുത്തക്കേടുകൾ' സ്വാഭാവികം. ഇപ്പറഞ്ഞവർ കാഫിറാണെന്ന് പ്രഖ്യാപിക്കാതിരുന്നാലും ചുരുങ്ങിയത് ഒന്നും മിണ്ടാതിരുന്നാൽ പോലും ആ മിണ്ടാതിരുന്നവനും കാഫിറാകും എന്നല്ലേ പറഞ്ഞത്? അതുകൊണ്ട് ഈ വിഷയത്തിൽ മിണ്ടാതിരിക്കുന്ന ബറേൽവി ഉസ്താദുമാർക്ക്, മിണ്ടാതിരുന്നാൽ ബറേൽവി തങ്ങളെയും കാഫിറാക്കുമെന്ന ബോധം ഉണ്ടാകുന്നതു നന്ന്.

അപ്പോൾ പിന്നെ അവരെ ബഹുമാനിക്കുന്ന ഒ.കെ. ഉസ്താദിന്റെയും സുലൈമാൻ മുസ്‌ലിയാരുടെയും കാര്യം പറയേണ്ടതില്ലല്ലോ! ഇതാണ് ഇവരുടെ ഗുരുപരമ്പരയുടെ കോലം. അശ്അരികൾ ക്വുർആനിന്റെ ലഫ്ദ് (വാക്ക്) സൃഷ്ടിയാണെന്നാണ് പറയാറുള്ളത്. ഇന്ന് കാണുന്ന ക്വുർആനിലെ വാചകങ്ങൾ യഥാർഥത്തിൽ അല്ലാഹുവിന്റെതല്ല; ജിബ്‌രീലിന്റെ മനസ്സിൽ അല്ലാഹു തോന്നിപ്പിച്ചതാണ് എന്നും അതിലുള്ള ആശയം മാത്രമെ അല്ലാഹുവിന്റെതായിട്ടുള്ളൂ എന്നുമാണ് അശ്അരികൾ വാദിക്കുന്നത്. ക്വുർആനിന്റെ ലഫ്ദും (വാക്ക്, അക്ഷരം) സൗത്തും (ശബ്ദം) സൃഷ്ടിക്കപ്പെട്ടതാണെന്നു പറയുന്ന ബറേൽവി സഹോദരങ്ങളെ കുറിച്ചു തന്നെയാണ് ശൈഖ് ജീലാനി ഇവിടെ സ്ഥിരപ്പെടുത്തുന്നത്.

*(തുടരും)*

**അശ്അരികൾ ക്വുർആനിന്റെ ലഫ്ദ്വ് (വാക്ക്) സൃഷ്ടിയാണെന്നാണ് പറയാറുള്ളത്. ഇന്ന് കാണുന്ന ക്വുർആനിലെ വാചകങ്ങൾ യഥാർഥത്തിൽ അല്ലാഹുവിന്റെതല്ല; ജിബ്‌രീലിന്റെ മനസ്സിൽ അല്ലാഹു തോന്നിപ്പിച്ചതാണ് എന്നും അതിലുള്ള ആശയം മാത്രമെ അല്ലാഹുവിന്റെതായിട്ടുള്ളൂ എന്നുമാണ് അശ്അരികൾ വാദിക്കുന്നത്. ക്വുർആനിന്റെ ലഫ്ദ്വും (വാക്ക്, അക്ഷരം) സൗത്തും (ശബ്ദം) സൃഷ്ടിക്കപ്പെട്ടതാണെന്നു പറയുന്ന ബറേൽവി സഹോദരങ്ങളെ കുറിച്ചു തന്നെയാണ് ശൈഖ് ജീലാനി സ്ഥിരപ്പെടുത്തുന്നത്.**



അഭിമുഖം 69

# കളമശ്ശേരി, ഫലസ്തീൻ;
## വർത്തമാനങ്ങളുടെ വർത്തമാനം

ടി.കെ അശ്റഫ് /
ഉസ്മാൻ പാലക്കാഴി

**പകയുടെ കരിമ്പുകയിൽ ശ്വാസം കിട്ടാതുലയുന്ന സമകാലികലോകത്താണ് നാം ജീവിക്കുന്നത്. സ്വന്തമല്ലാത്തതെല്ലാം എതിർപക്ഷത്താണെന്നും ജീവിതമർഹിക്കുന്നില്ലെന്നും ചിന്തിക്കുന്നവരുടെ മനോനില ഏറെ വിചിത്രമാണ്! ഫലസ്തീനിലും മണിപ്പൂരിലും ഇങ്ങ് കളമശ്ശേരിയിലുമെല്ലാം വീശിത്തുടങ്ങിയ ആ വിഷപ്പുക നമ്മുടെ അന്നനാളങ്ങളെ അലോസരപ്പെടുത്തുന്നതിന് മുമ്പ് തിരുത്തിയേ മതിയാവൂ.**

*ചോദ്യം: ഇസ്‌ലാം എന്ന വാക്കിന്റെ അർഥം തന്നെ രക്ഷ, സമാധാനം, സമർപ്പണം എന്നൊക്കെയാണ്. എന്നിട്ടും അസമാധാനത്തിന്റെ വിത്ത് വിതക്കുന്ന ആദർശമായി ഇസ്‌ലാമിനെ പാശ്ചാത്യൻ രാജ്യങ്ങൾ മുദ്രകുത്തുന്നതിന്റെ കാരണമെന്തായിരിക്കും?*

മറുപടി: അതിന്റെ കാരണം വളരെ വ്യക്തമാണ്. ഇസ്‌ലാമിനെ ആശയപരമായി നേരിടുക എന്നത് സാധിക്കാത്ത കാര്യമാണ്. ആശയപരമായ ചർച്ചകൾ ആരോഗ്യകരമായി നടന്നാൽ ഏതു വിമർശകനും ഇസ്‌ലാമിക അധ്യാപനങ്ങളിൽ ആകൃഷ്ടനാകാനുള്ള സാധ്യത ഏറെയാണ്. അതാണ് ഇസ്‌ലാമിന്റെ ഇതുവരെയുള്ള ചരിത്രം. ഇക്കാര്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് ഇസ്‌ലാമിനെക്കുറിച്ച് മുൻവിധികൾ പടച്ചുവിടുന്നതിൽ പാശ്ചാത്യലോകം മത്സരിച്ചുകൊണ്ടിരിക്കുന്നത്. മറ്റൊരു കാരണം കൂടിയുണ്ട്; ഇസ്‌ലാമിന്റെ വിശ്വാസദർശനവും ആചാരാനുഷ്ഠാനങ്ങളും സർവ ചൂഷണങ്ങളുടെയും വേരറുക്കുന്നതാണ്. അല്ലാഹുവിനോട് പ്രാർഥിക്കാൻ ഇടയാളന്റെയോ നാണയത്തുട്ടിന്റെയോ ആവശ്യമില്ല. പൗരോഹിത്യം ഇസ്‌ലാമിന്റെ പടിക്ക് പുറത്താണ്. ഇസ്‌ലാമിന്റെ മധ്യമ നിലപാട്, സാമ്പത്തിക മിതവ്യയ സിദ്ധാന്തം, സ്ത്രീകളോടുള്ള മാന്യമായ നിലപാട്, ചൂഷണമുക്തമായ സാമ്പത്തിക വ്യവസ്ഥ, ലഹരിവസ്തുക്കളെല്ലാം നിഷിദ്ധമെന്ന നിലപാട്, കുടുംബ ഭദ്രത നിലനിർത്താനുള്ള ആഹ്വാനം... തുടങ്ങിയ ആശയങ്ങളെല്ലാം സമൂഹത്തിൽ വേരുപിടിച്ചാൽ സാമ്രാജ്യത്വ-കോർപ്പറേറ്റ് ഭീമന്മാർക്ക് സാധാരണക്കാരെ ഊറ്റിയെടുത്ത് ജീവിക്കാൻ കഴിയില്ലെന്നും അവരുടെ, പലിശയിൽ ഊട്ടപ്പെട്ട സംവിധാനങ്ങൾക്ക് നിലനിൽപുണ്ടാകി




ല്ലെന്നും നന്നായി അറിയാം. അതുകൊണ്ട് ഇസ്‌ലാമിന്റെ വളർച്ച തടയുക എന്നത് പാശ്ചാത്യരുടെ അജണ്ടയാണ്. ഈ ലക്ഷ്യം വേഗത്തിൽ നടപ്പാവുക തീവ്രവാദ ചാപ്പകുത്തുന്നതിലൂടെയാണെന്ന് അവർ തിരിച്ചറിയുന്നു.

*ചോദ്യം: 'ഭീകരവാദം സമം ഇസ്‌ലാം' എന്ന സമവാക്യം ലോകത്ത് രൂപപ്പെട്ടിട്ട് കാലമേറെയായി. ഇന്ത്യയിൽ മോദി ഭരണത്തിന്റെ കടന്നുവരവോടെ അതിന്റെ പ്രചാരണം കനത്തിട്ടുണ്ട്. അടുത്ത കാലത്തായി കേരളത്തിലും വ്യാപിച്ചുതുടങ്ങിയിട്ടുണ്ട്. അതിന് തെളിവുണ്ടാക്കാനുള്ള ശ്രമങ്ങളും ഇവിടെ നടക്കുന്നുണ്ട്. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് കളമശ്ശേരി സ്ഫോടനാനന്തര സംഭവ വികാസങ്ങൾ. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?*

മറുപടി: 'എല്ലാ മുസ്‌ലിംകളും തീവ്രവാദികളല്ല; എന്നാൽ എല്ലാ തീവ്രവാദികളും മുസ്‌ലിംകളാണ്' എന്നതാണ് ലോകത്ത് പുതുതായി രൂപപ്പെട്ട ഇസ്‌ലാംവിരുദ്ധ പ്രമേയം. ഈ ആശയം കേരളത്തിലും യാഥാർഥ്യമായിരിക്കുന്നു എന്ന് വരുത്തിത്തീർക്കാനുള്ള കൊണ്ടുപിടിച്ച ശ്രമമാണ് അടുത്ത കാലത്തായി നടന്നുവരുന്നത്. എന്ത് സംഭവിച്ചാലും അതിനെ വർഗീയ വിഭജനത്തിന് ഉപയോഗിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഏത് അക്രമമാണെങ്കിലും അതിനു പിന്നിൽ മുസ്‌ലിം പേരുകാരനാണെങ്കിൽ അതിനെ ഇസ്‌ലാമുമായി ചേർത്തുവായിക്കാനുള്ള വല്ലാത്ത വ്യഗ്രതയാണ് നാം കാണുന്നത്. യഥാർഥത്തിൽ എല്ലാ തീവ്രവാദികളും മുസ്‌ലിം

**'എല്ലാ മുസ്‌ലിംകളും തീവ്രവാദികളല്ല; എന്നാൽ എല്ലാ തീവ്രവാദികളും മുസ്‌ലിംകളാണ്' എന്നതാണ് ലോകത്ത് പുതുതായി രൂപപ്പെട്ട ഇസ്‌ലാംവിരുദ്ധ പ്രമേയം. ഈ ആശയം കേരളത്തിലും യാഥാർഥ്യമായിരിക്കുന്നു എന്ന് വരുത്തിത്തീർക്കാനുള്ള കൊണ്ടുപിടിച്ച ശ്രമമാണ് ഏതാനും അടുത്ത കാലത്തായി നടന്നുവരുന്നത്. എന്ത് സംഭവിച്ചാലും അതിനെ വർഗീയ വിഭജനത്തിന് ഉപയോഗിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഏത് അക്രമമാണെങ്കിലും അതിനു പിന്നിൽ മുസ്‌ലിം പേരുകാരനാണെങ്കിൽ അതിനെ ഇസ്‌ലാമുമായി ചേർത്തുവായിക്കാനുള്ള വല്ലാത്ത വ്യഗ്രതയാണ് നാം കാണുന്നത്. യഥാർഥത്തിൽ എല്ലാ തീവ്രവാദികളും മുസ്‌ലിംകളാണെന്ന ആഖ്യാനം തികച്ചും അസംബന്ധമാണ്.**

കളാണെന്ന ആഖ്യാനം തികച്ചും അസംബന്ധമാണ്. ലോകത്താകമാനം ഉണ്ടായ ഭീകരാക്രമണങ്ങളുടെ കണക്ക് അമേരിക്കതന്നെ പുറത്തുവിട്ടത് പരിശോധിച്ചാൽ ഇത് ബോധ്യമാകും. 1980 മുതൽ 2005 വരെയുള്ള, അമേരിക്കയിലെ അന്വേഷണ ഏജൻസിയായ എഫ്ബിഐയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കണക്ക് ഈ ആരോപണത്തെ തള്ളിക്കളയുന്നുണ്ട്. ലോകത്താകെ ഉണ്ടായ ഭീകരാക്രമണങ്ങളിൽ 94%വും ഇസ്‌ലാമിതര വിഭാഗങ്ങളിൽനിന്നുണ്ടായതാണ്. വെറും 6% മാത്രമാണ് മുസ്‌ലിം നാമധാരികളിൽനിന്ന് ഉണ്ടായിട്ടുള്ളത്. അവരാകട്ടെ, യഥാർഥ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നവരുമല്ല.

'ഇസ്‌ലാം എന്നാൽ ഭീകരതയാണ്' എന്ന് സമർഥിക്കാൻ ശത്രുക്കൾ എടുത്തുകാട്ടുന്ന രണ്ടു സംഘടനകളാണ് ഐഎസ്ഐഎസ്സും അൽക്വാഇദയും. ഇവ രണ്ടും അമേരിക്കയുടെ സൃഷ്ടിയാണെന്നത് ഇതിനകം പുറത്തുവന്ന യാഥാർഥ്യവുമാണ്. മുസ്‌ലിംലോകം ഈ ഭീകരസംഘങ്ങളെ തള്ളിപ്പറയുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിംകൾ മാത്രമുള്ള പരിശുദ്ധ ഹറമിലേക്ക് മിസൈൽ തൊടുത്തുവിടുന്ന, മുസ്‌ലിംകളെ കൊല്ലാൻ മടിയില്ലാത്ത ഈ ഭീകരർ എങ്ങനെയാണ് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സംരക്ഷകരാവുക?

വസ്തുത ഇതായിരിക്കെ, സെപ്റ്റംബർ 11ന് ശേഷം ലോകത്ത് രൂപപ്പെട്ട ഇസ്‌ലാമോഫോബിയയെ മുൻനിർത്തി കേരളത്തിലും വിഭജനമുണ്ടാക്കാൻ നീചമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിന് ഏതു വഴിവിട്ട മാർഗവും ഉപയോഗിക്കും. അതിന്റെ നേർക്കാഴ്ചയാണ് 2023 ഒക്ടോബർ 29ന് കളമശ്ശേരിയിലെ സാമ്രാ കൺവെൻഷൻ സെന്ററിൽ നടന്ന സ്ഫോടനത്തെ തുടർന്ന് നാം കണ്ടത്. ഈ സ്ഫോടനത്തിൽ നാലുപേർ മരണപ്പെട്ടു. നിരവധിപേർ ചികിത്സയിലാണ്. ക്രൈസ്തവ വിഭാഗത്തിലെ



**'ഇസ്‌ലാം എന്നാൽ ഭീകരതയാണ്' എന്ന് സമർഥിക്കാൻ ശത്രുക്കൾ എടുത്തുകാട്ടുന്ന രണ്ടു സംഘടനകളാണ് ഐഎസ്ഐഎസ്സും അൽക്വാഇദയും. ഇവ രണ്ടും അമേരിക്കയുടെ സൃഷ്ടിയാണെന്നത് ഇതിനകം പുറത്തുവന്ന യാഥാർഥ്യവുമാണ്. മുസ്‌ലിംലോകം ഈ ഭീകരസംഘങ്ങളെ തള്ളിപ്പറയുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിംകൾ മാത്രമുള്ള പരിശുദ്ധ ഹറമിലേക്ക് മിസൈൽ തൊടുത്തുവിടുന്ന, മുസ്‌ലിംകളെ കൊല്ലാൻ മടിയില്ലാത്ത ഈ ഭീകരർ എങ്ങനെയാണ് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സംരക്ഷകരാവുക?**

യഹോവസാക്ഷികളുടെതായിരുന്നു സമ്മേളനം. സംഭവം നടന്ന ആദ്യ മണിക്കൂറുകളിൽ ഇത് മുസ്‌ലിം പക്ഷത്തുനിന്നുണ്ടായ ഭീകരാക്രമണമാണെന്ന തരത്തിൽ, കേന്ദ്രമന്ത്രിമാർ, ദേശീയ പത്രങ്ങൾ, കേരളത്തിലെ ചില ചാനലുകൾ, സാമൂഹികമാധ്യമങ്ങളിലെ അറിയപ്പെടുന്ന ചില അക്കൗണ്ടുകൾ എന്നിവയിൽനിന്ന് ഉഗ്രവിഷം വമിക്കുന്ന പ്രതികരണങ്ങളാണ് വന്നുതുടങ്ങിയത്. ചിലർ ഇസ്രായേൽ-ഫലസ്തീൻ വിഷയത്തിലേക്കുവരെ ഈ സംഭവത്തെ ചേർത്തുകെട്ടി വ്യാഖ്യാനിച്ചു. യഹോവസാക്ഷികൾ യഹൂദരുമായി ബന്ധമുള്ളവരായതുകൊണ്ട്, ഫലസ്തീൻ അനുകൂല നിലപാടുള്ളവരാണ് ഈ സ്ഫോടനത്തിനു പിന്നിലെന്നു വരുത്താനായി എല്ലാ വഴികളിലൂടെയും ശ്രമിച്ചുനോക്കി. ഇതിനിടക്കാണ് ഈ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തുകൊണ്ട് 'മുസ്‌ലിം അല്ലാത്ത' ഡൊമിനിക് മാർട്ടിൻ എന്ന, പഴയ യഹോവസാക്ഷി പ്രവർത്തകൻ ഫെയ്സ്ബുക്ക് ലൈവിലൂടെ രംഗത്തു വന്നത്. മുസ്‌ലിം സമൂഹത്തിന്റെ തലയിൽ ഈ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം കെട്ടിവെക്കാൻ കച്ചകെട്ടിയിറങ്ങിയവരെല്ലാം പരിഹാസ്യരായി മാളത്തിലൊളിക്കുന്നതാണ് നാം പിന്നീടു കണ്ടത്. പലരും ഫെയ്സ്ബുക്ക് പോസ്റ്റുകൾ പിൻവലിച്ചുകൊണ്ട് ന്യായീകരണത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയി.

തൊട്ടടുത്ത ദിവസം പുറത്തിറങ്ങിയ ദേശീയ പത്രമായ 'ടൈംസ് ഓഫ് ഇന്ത്യ' ഈ സംഭവത്തിന് നൽകിയ തലവാചകം ഇസ്‌ലാമോഫോബിയ എത്രത്തോളം നമ്മുടെ മാധ്യമങ്ങളെ പോലും സ്വാധീനിച്ചിട്ടുണ്ട് എന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു. അതിപ്രകാരമാണ്: ""Twist in the tale: No terror angle in IED blast at prayer meet that kills 2, injures 58."'

ടെറർ ആംഗിൾ ഇല്ല; കഥയിൽ വഴിത്തിരിവ്' എന്ന തലവാചകം

പറയാൻ ശ്രമിച്ചത് ഇത് ഒരു മുൻ വിശ്വാസിയുടെ പ്രതിഷേധം മാത്രമാണെന്നാണ്. ഭീകരാക്രമണമാകണമെങ്കിൽ ഒരു മുസ്‌ലിം പേര് നിർബന്ധമാണെന്ന പൊതുബോധമാണ് ഇവരെ പോലും നയിക്കുന്നത്.

*ചോദ്യം: ഭീകരാക്രമണങ്ങൾക്കു പിന്നിലെല്ലാം മുസ്‌ലിമിനെയും ഇസ്‌ലാമിനെയും തിരയുന്ന, മുസ്‌ലിമല്ലെങ്കിൽ ഇച്ഛാഭംഗപ്പെടുന്ന സംഘപരിവാറുകാരെപ്പോലെ തന്നെ ചില മുഖ്യധാരാ മാധ്യമങ്ങളും അറിയപ്പെടുന്ന വ്യക്തികളും കേരളത്തിലുമുണ്ടെന്ന് നാം തിരിച്ചറിഞ്ഞു. ഇത് വലിയൊരു ദുരന്ത സൂചനയല്ലേ?*

മറുപടി: തീർച്ചയായും! ഇത് വലിയൊരു ദുരന്തം മാത്രമല്ല; ഭാവിയിൽ വൻ പ്രഹരശേഷിയുള്ള നിരവധി ദുരന്തങ്ങൾക്ക് വിത്തും വളവും നൽകുന്നതുകൂടിയാണ്. സമാധാനം ആഗ്രഹിക്കുന്നവരെല്ലാം ഇതിനെതിരെ രംഗത്തുവരണം.

*ചോദ്യം: കേരളം 'സമാധാനത്തിന്റെ തുരുത്ത്' എന്ന അവസ്ഥയിൽ നിന്ന് പാടെ മാറിപ്പോയി എന്നാണോ നാം കരുതേണ്ടത്?*

മറുപടി: ഒരിക്കലും അല്ല! സാമൂഹിക മാധ്യമങ്ങളിൽ കാണുന്നതല്ല യഥാർഥ കേരളം. കേരളത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെന്നാൽ പരസ്പര സൗഹാർദത്തിന്റെയും സ്നേഹത്തിന്റെയും അനുഭവങ്ങൾ ധാരാളം നമുക്ക് കണ്ടെത്താനാവും. ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും പരസ്പരം സഹകരിച്ചും സഹായിച്ചുമാണ് മുന്നോട്ടുപോകുന്നത്. വർഗീയവിഭജനം ലക്ഷ്യം വെക്കുന്ന വിഭാഗം സാമൂഹ്യമാധ്യമങ്ങളിൽ വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കി മനുഷ്യരെ പരസ്പരം അകറ്റുന്ന കമന്റുകൾ വാരിവിതറുകയാണ് ചെയ്യുന്നത്. ഒരേ വ്യക്തിതന്നെ ഹിന്ദുവായും മുസ്‌ലിമായും ക്രിസ്ത്യാനിയായും വിവിധ പേരുകളിൽ പ്രത്യക്ഷപ്പെട്ട് വെറുപ്പ് കുത്തിവെക്കുന്ന കമന്റുകൾ പോസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്. ഇതു കണ്ട് സങ്കടപ്പെടുന്നവരും അതിനനുസരിച്ച് പ്രതികരിക്കുന്നവരും സമൂഹത്തിൽ ഉണ്ടെന്ന് മാത്രം. ഈ കെണി മനസ്സിലാക്കി സൗഹാർദത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനും വർഗീയശക്തികളെ ഒറ്റപ്പെടുത്താനും ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടായാൽ കേരളത്തെ സമാധാനത്തിന്റെ പച്ചത്തുരുത്തായി നമുക്ക് നിലനിർത്താനാകും.

*ചോദ്യം: 'കാസ'യും 'മറുനാടനു'മൊക്കെ ഓൺലൈൻ പ്ലാറ്റ്‌ഫോമിലൂടെ മാരകമായ രീതിയിൽ വർഗീയ ചേരിതിരിവുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എന്നിട്ടും എന്തുകൊണ്ട് അതിനു കൂച്ചുവിലങ്ങിടാൻ സർക്കാർ തയാറാകുന്നില്ല? അത്തരം വർഗീയ പ്രചാരകരെ എങ്ങനെയാണ് മുസ്‌ലിം സമൂഹം നേരിടേണ്ടത്?*

മറുപടി: സർക്കാർ കളമശ്ശേരി സ്ഫോടനത്തെ തുടർന്ന് മാതൃകാപരമായ നടപടികൾ തന്നെയാണ് സ്വീകരിച്ചത്. അമ്പതിലധികം പേർക്കെതിരെ കേസെടുത്തിട്ടുമുണ്ട്. അതിൽ കേന്ദ്രമന്ത്രിയടക്കം, നിങ്ങൾ സൂചിപ്പിച്ച കാസയും മറുനാടനുമെല്ലാം ഉൾപ്പെടും. വിദ്വേഷം വമിപ്പിക്കുന്നവരെ ഒറ്റപ്പെടുത്തുകയും നിയമനടപടിക്ക് വിധേയമാക്കുകയും ചെയ്താൽ വർഗീയ വിഭജനത്തിന് വൻതോതിൽ പ്രതിരോധം തീർക്കാനാകും. കുറ്റക്കാർക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്നതുവരെ കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഉത്തരവാദിത്തത്തിൽ കൃത്യവിലോപം വരാതെ നോക്കുന്നതിലാണ് സർക്കാറിന്റെ ആത്മാർഥത തെളിയേണ്ടത്.

ഇത്തരം ഘട്ടങ്ങളിൽ മുസ്‌ലിം സമൂഹം അതീവ ജാഗ്രത പാലിക്കുകയും വേണം. കളമശ്ശേരി സംഭവത്തോടെ മുസ്‌ലിം സമുദായം അകാരണമായി വേട്ടയാടപ്പെടുകയാണെന്നും ഇസ്‌ലാമോഫോബിയ ഒരു യാഥാർഥ്യമാണെന്നും നിഷ്പക്ഷരായ ധാരാളം പേർക്ക് ഇതിനകം ബോധ്യമായിട്ടുണ്ട്.

> **സാമൂഹിക മാധ്യമങ്ങളിൽ കാണുന്നതല്ല യഥാർഥ കേരളം. കേരളത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെന്നാൽ പരസ്പര സൗഹാർദത്തിന്റെയും സ്നേഹത്തിന്റെയും അനുഭവങ്ങൾ ധാരാളം നമുക്ക് കണ്ടെത്താനാവും. ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും പരസ്പരം സഹകരിച്ചും സഹായിച്ചുമാണ് മുന്നോട്ടുപോകുന്നത്. വർഗീയവിഭജനം ലക്ഷ്യം വെക്കുന്ന വിഭാഗം സാമൂഹ്യമാധ്യമങ്ങളിൽ വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കി മനുഷ്യരെ പരസ്പരം അകറ്റുന്ന കമന്റുകൾ വാരിവിതറുകയാണ് ചെയ്യുന്നത്. ഒരേ വ്യക്തിതന്നെ ഹിന്ദുവായും മുസ്‌ലിമായും ക്രിസ്ത്യാനിയായും വിവിധ പേരുകളിൽ പ്രത്യക്ഷപ്പെട്ട് വെറുപ്പ് കുത്തിവെക്കുന്ന കമന്റുകൾ പോസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്.**



ഈ സവിശേഷ സാഹചര്യത്തെ തകിടംമറിക്കുന്ന വൈകാരിക പ്രതികരണങ്ങൾ സാമൂഹ്യമാധ്യമങ്ങളിലടക്കം ഉണ്ടാവാതിരിക്കാൻ നിതാന്ത ശ്രദ്ധവേണം.

ഇസ്‌ലാമിക പ്രമാണങ്ങളിലും രാജ്യത്തെ നിയമങ്ങളിലും വന്നിട്ടുള്ള, ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദേശങ്ങൾ സ്വീകരിക്കുന്നതിൽ പുതിയ സാഹചര്യത്തിൽ അതീവ ശ്രദ്ധയുണ്ടാകണം.

*ചോദ്യം: മുഖ്യമന്ത്രി വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?*

മറുപടി: കേരള ചരിത്രത്തിൽ എന്നും ഓർമിക്കപ്പെടുന്ന ഒരു ഇടപെടലായിരുന്നു കളമശ്ശേരി വിഷയത്തിൽ സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷി യോഗം. വിഭാഗീയതക്ക് തിരികൊളുത്തുമ്പോൾ അത് കെടുത്താൻ ഭരണകൂടം തന്നെയാണ് ആദ്യം ഓടിയെത്തേണ്ടത്. ഭരണകർത്താക്കൾ നിസ്സംഗത പാലിക്കുന്നിടത്താണ് വിഭാഗീയത അതിന്റെ ഉഗ്രരൂപം പ്രാപിക്കാറുള്ളത്. മണിപ്പൂരിൽ നാം കണ്ടത് അതാണ്.

താത്കാലിക രാഷ്ട്രീയതാൽപര്യങ്ങളുടെ സംരക്ഷണത്തിനായി സമൂഹത്തെ ഇരുചേരികളായി നിർത്തി തമ്മിലടിപ്പിക്കുകയും അതിൽ ഒരുവിഭാഗത്തിന് ഭരണകൂടം ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്തതാണ് ഇന്ത്യയിൽ ഉണ്ടായ എല്ലാ വർഗീയ കലാപങ്ങളുടെയും അടിസ്ഥാന കാരണം.

ചോദ്യം: 'ഫലസ്തീൻ എന്താ മുസ്‌ലിംകളുടെ അമ്മായിയുടെ മകനാണോ' എന്ന് ഒരു സംഘപരിവാറുകാരൻ ചോദിച്ചതായി സാമൂഹ്യമാധ്യമങ്ങളിൽ കാണുവാൻ കഴിഞ്ഞു. ഫലസ്തീൻ എന്ന രാജ്യവുമായി മുസ്‌ലിംകൾക്ക് എന്താണിത്ര വൈകാരിക ബന്ധം എന്നാണ് ഈ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. എന്താണ് ഇതിനുള്ള മറുപടി?

> **കേരള ചരിത്രത്തിൽ എന്നും ഓർമിക്കപ്പെടുന്ന ഒരു ഇടപെടലായിരുന്നു കളമശ്ശേരി വിഷയത്തിൽ സർക്കാർ വിളിച്ചുചേർത്ത സർവകക്ഷി യോഗം. വിഭാഗീയതക്ക് തിരികൊളുത്തുമ്പോൾ അത് കെടുത്താൻ ഭരണകൂടം തന്നെയാണ് ആദ്യം ഓടിയെത്തേണ്ടത്. ഭരണകർത്താക്കൾ നിസ്സംഗത പാലിക്കുന്നിടത്താണ് വിഭാഗീയത അതിന്റെ ഉഗ്രരൂപം പ്രാപിക്കാറുള്ളത്. മണിപ്പൂരിൽ നാം കണ്ടത് അതാണ്.**

മറുപടി: വൈകാരിക ബന്ധമുണ്ട് എന്നുതന്നെയാണ് അതിനുള്ള മറുപടി. മുഹമ്മദ് നബി(സ്വ)യുടെ അത്ഭുതകരമായ നിശാപ്രയാണം (ഇസ്റാഅ്), ആകാശാരോഹണം (മിഅ്റാജ്) എന്നീ സംഭവങ്ങളുമായി ഏറ്റവും ബന്ധപ്പെട്ട വിശുദ്ധഗേഹമായ ബൈത്തുൽ മക്ദിസ് സ്ഥിതിചെയ്യുന്നത് ഫലസ്തീനിലാണ്. വിശുദ്ധ ഖുർആൻ 17ാം അധ്യായം ഒന്നാം വചനത്തിൽ ഇങ്ങനെ കാണാം:

"തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അക്സായിലേക്ക്-അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു-നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ..."

പുണ്യം പ്രതീക്ഷിച്ചുള്ള യാത്രക്ക് ഇസ്‌ലാം അനുമതി നൽകിയത് മൂന്ന് പള്ളികളിലേക്ക് മാത്രമാണ്. അതിൽ മൂന്നാമത്തെത് മസ്ജിദുൽ അക്സയാണ്.

ചോദ്യം: പണ്ടുമുതലേ യഹൂദരുടെ കൈയിലായിരുന്നു ഫലസ്തീൻ, മുസ്‌ലിംകൾ അത് കൈവശപ്പെടുത്താൻ ശ്രമിച്ചതാണ് പ്രശ്നങ്ങൾക്കു കാരണം എന്ന തെറ്റായ പ്രചാരണം നടന്നുകൊണ്ടിരിക്കുന്നുണ്ട്.

മറുപടി: ഈസാ നബി(അ)ക്കു മുമ്പ് 12ാം നൂറ്റാണ്ടിൽ ആ പ്രദേശത്ത് താമസിച്ചിരുന്ന 'ഫിലിസ്ത്യയൻ' (ഫലസ്ത്യൻ) എന്ന ജനതയുടെ പേരിൽ നിന്നാണ് 'ഫലസ്തീൻ' എന്ന പേര് ലഭിച്ചതെന്നാണ് പ്രബലമായ അഭിപ്രായം. യഅ്ഖൂബ് നബി(അ)യുടെ മറ്റൊരു നാമമാണ് 'ഇസ്റാഈൽ.' അദ്ദേഹത്തിന്റെ സന്തതിപരമ്പര 'ബനൂഇസ്റാഈൽ' അഥവാ 'ഇസ്റാഈൽ സന്തതികൾ' എന്ന പേരിൽ അറിയപ്പെടുന്നു. ഈജിപ്തിൽ ഖിബ്തികളുടെ അടിമത്തത്തിൻ കഴിഞ്ഞിരുന്ന ബനൂഇസ്റാഈൽ സമൂഹത്തെ രക്ഷപ്പെടുത്തി നേർവഴി നടത്താൻ നിയുക്തനായ മൂസാ നബി(അ) അവരെയുമായി ചെങ്കടൽ കടന്ന് യാത്ര തിരിച്ചെങ്കിലും ഖുദ്സിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല. മൂസാ(അ) തന്റെ ജനതയോട് കൽപിച്ച കാര്യം ഖുർആനിൽ 5ാം അധ്യായം 21ാം വചനത്തിൽ ഇങ്ങനെ കാണാം: "എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് വിധിച്ചിട്ടുള്ള പവിത്രഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ. നിങ്ങൾ പിന്നോക്കം മടങ്ങരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും."

എന്നാൽ അനുസരണക്കേടിന്റെ പര്യായമായ ആ ജനതയുടെ പ്രതികരണം 'പരാക്രമശാലികളായ ഒരു ജനതയാണ് അവിടെയുള്ളത്. അവർ അവിടെനിന്ന് പുറത്തുപോകുന്നതുവരെ ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല' എന്നായിരുന്നു. 'താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്' എന്നാണ് അവർ മൂസാനബി(അ)യോട് പ്രതികരിച്ചത്. സീനാ മരുഭൂമിയിൽ നാൽപതു വർഷം അന്തംവിട്ട് അലഞ്ഞുനടക്കുക എന്നതാണ് അതിന് അല്ലാഹു അവർക്ക് നൽകിയ ശിക്ഷ. അതിനുശേഷമാണ് ഫലസ്ത്യർക്കെതിരെ ഇസ്റാഈല്യർ വിജയം വരിച്ചത്. ത്വാലൂതിന്റെ നേതൃത്വത്തിൽ ഫലസ്ത്യരിലെ ജാലൂത്തിനെ തോൽപിച്ചതിലൂടെയാണ് ഇസ്റാഈല്യരുടെ അധികാരം സാധിതമായത്. ഒരു നൂറ്റാണ്ടുപോലും തികച്ച്

അവർക്ക് ഫലസ്തീനിൽ ആധിപത്യം നിലനിർത്താൻ സാധിച്ചിട്ടുമില്ല.

പ്രവാചകന്റെ കാലഘട്ടത്തിൽ ഈ പ്രദേശം റോമക്കാരുടെ ആധിപത്യത്തിലായിരുന്നു. രണ്ടാം ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്താണ് ഫലസ്തീൻ ഉൾപെടുന്ന സിറിയ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭാഗമായി ചേർക്കപ്പെട്ടത്. ഉമർ(റ) നേരിട്ടെത്തിയാണ് റോമക്കാരുമായി കരാറുണ്ടാക്കുകയും 560 ഓളം വർഷത്തെ റോമൻ ഭരണത്തിന് അന്ത്യം കുറിക്കുകയും ചെയ്തത്. വിശുദ്ധ നഗരിയുടെ താക്കോൽ ഏറ്റുവാങ്ങിയ ഖലീഫ അതുവരേക്കും ആരാധനാസ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട യഹൂദർക്ക് ആരാധനാ സ്വാതന്ത്ര്യം നൽകുകയും രക്തച്ചൊരിച്ചിലില്ലാതെ വിശുദ്ധ നഗരിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. ഒരു ലക്ഷത്തി നാൽപതിനാലായിരത്തോളം ചതുരശ്ര മീറ്ററുള്ള വിശാലമായ സ്ഥലമാണ് ഇന്ന് ബൈത്തുൽ മക്ദിസ്. അംറുബ്നുൽ ആസ്വി(റ)നെ ഗവർണറായി നിശ്ചയിച്ചുകൊണ്ട് മദീനയിലേക്കു തിരിച്ചുപോയ ഉമറിന്റെ(റ) സമാധാനദൗത്യം ആ വിശുദ്ധഭൂമി മൂന്ന് മതവിഭാഗങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വത്തിനാണ് വഴിതുറന്നത്. എഡി 638 മുതൽ നീണ്ട 450 വർഷത്തിലേറെ ഇസ്‌ലാമിക ഭരണത്തിനു കീഴിലെ ആ സൗഹാർദാന്തരീക്ഷം ഫലസ്തീനിന്റെ മണ്ണിൽ തുടർന്നു. എന്നാൽ എഡി 1099ൽ കുരിശു യുദ്ധത്തെത്തുടർന്ന് യൂറോപ്യർ ജറുസലേം കീഴടക്കി. ആ പ്രദേശം കത്തോലിക്കരുടെ നിയന്ത്രണത്തിലായി. പിന്നീട് എഡി 1187ൽ സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി ജറുസലേം തിരിച്ചുപിടിക്കുകയും ചെയ്തു.

ചോദ്യം: ഇസ്‌റായേൽ എന്ന യഹൂദരാജ്യം പിറവിയെടുത്തത് എങ്ങനെയാണ്?

മറുപടി: യഹൂദരിലെ തീവ്ര നിലപാടുള്ള സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം ഒരു ജൂതരാഷ്ട്രം ഉണ്ടാക്കുകയെന്നതായിരുന്നു. ഒന്നാം ലോക മഹായുദ്ധ കാലത്തു സഖ്യശക്തികൾ ഈ അഭിലാഷം സാധിക്കാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് ജൂതൻമാരുടെ സഹകരണം നേടിയിരുന്നു. 1917ലെ ബാൽഫർ പ്രഖ്യാപനത്തിൽ ഈ കരാറുമുൾപ്പെട്ടിരുന്നു. അതനുസരിച്ചു ജൂതൻമാർ യുദ്ധം കഴിഞ്ഞയുടൻ ഫലസ്തീനിലേക്കു മാറിത്താമസിക്കുവാൻ തുടങ്ങുകയും ചെയ്തു. ഹിറ്റ്ലറുടെ കൂട്ടക്കൊല സിയോണിസ്റ്റ് പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കിത്തീർത്തു. അങ്ങനെ, 1948ൽ ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും ചെയ്തു. ബ്രിട്ടൻ, അമേരിക്ക പോലുള്ള വൻകിട രാഷ്ട്രങ്ങളുടെ ഇടപെടൽ കൊണ്ടും പരിശ്രമം കൊണ്ടും മാത്രം സ്ഥാപിതമായതും നിലനിന്നുപോരുന്നതുമായ രാജ്യമാണ് ഇസ്‌റായേൽ എന്നർഥം.

ചോദ്യം: ഇസ്രായേൽ- ഫലസ്തീൻ വിഷയത്തെ കളമശ്ശേരി സ്ഫോടനവുമായി ബന്ധപ്പെടുത്താനുള്ള ശ്രമം ഉണ്ടായതായി താങ്കൾ പറഞ്ഞല്ലോ. ഫലസ്തീൻ മുന്നിൽ വെച്ച് കേരളത്തിൽ നടക്കുന്ന രാഷ്ട്രീയ വിവാദങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?




ഉമർ(റ) നേരിട്ടെത്തിയാണ് റോമക്കാരുമായി കരാറുണ്ടാക്കുകയും 560 ഓളം വർഷത്തെ റോമൻ ഭരണത്തിന് അന്ത്യം കുറിക്കുകയും ചെയ്തത്. വിശുദ്ധ നഗരിയുടെ താക്കോൽ ഏറ്റുവാങ്ങിയ ഖലീഫ അതുവരേക്കും ആരാധനാസ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട യഹൂദർക്ക് ആരാധനാ സ്വാതന്ത്ര്യം നൽകുകയും രക്തച്ചൊരിച്ചിലില്ലാതെ വിശുദ്ധ നഗരിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. ഒരു ലക്ഷത്തി നാൽപതിനാലായിരത്തോളം ചതുരശ്ര മീറ്ററുള്ള വിശാലമായ സ്ഥലമാണ് ഇന്ന് ബൈത്തുൽ മക്ദിസ്. അംറുബ്നുൽ ആസ്വി(റ)നെ ഗവർണറായി നിശ്ചയിച്ചുകൊണ്ട് മദീനയിലേക്കു തിരിച്ചുപോയ ഉമറിന്റെ(റ) സമാധാനദൗത്യം ആ വിശുദ്ധഭൂമി മൂന്ന് മതവിഭാഗങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വത്തിനാണ് വഴിതുറന്നത്.


മറുപടി: ഫലസ്തീൻ പ്രശ്നം എന്നും ഫലസ്തീനികളുടെ മാത്രം പ്രശ്നമായി ചുരുങ്ങുന്നു എന്നതാണ് നമ്മെ വേദനിപ്പിക്കുന്ന കാര്യം. സ്വന്തം താൽപര്യസംരക്ഷണത്തിനായി ഫലസ്തീനികളുടെ ദൈന്യത ഉയർത്തിപ്പിടിക്കുന്നതാണ് നാം കഴിഞ്ഞ കാലങ്ങളിലെല്ലാം ലോകത്തു കണ്ടത്. കേരളത്തിലും



ഇപ്പോൾ ഉയർന്നുവരുന്ന രാഷ്ട്രീയ വാദപ്രതിവാദങ്ങൾ ഫലസ്തീനികളുടെ പ്രശ്നത്തെയല്ല പ്രതിനിധീകരിക്കുന്നത്; സങ്കുചിതമായ പാർട്ടി താൽപര്യങ്ങളെയാണ്.

ഫലസ്തീൻ പ്രശ്നം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. ഒക്ടോബർ 7ന് ഉണ്ടായ ആക്രമണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തെ വിലയിരുത്തുക എന്നതല്ല മുജാഹിദ് പ്രസ്ഥാനത്തിന്റെ നിലപാട്. ഫലസ്തീനികൾ നടത്തുന്നത് സ്വന്തം രാജ്യത്തിനു വേണ്ടിയുള്ള പോരാട്ടമാണ്. ഇസ്രയേലിന്റെതാകട്ടെ അധിനിവേശം പൂർത്തിയാക്കാനുള്ള വംശഹത്യയുമാണ്.

സ്വതന്ത്ര ഫലസ്തീൻ എന്ന, ആ നാട്ടുകാരുടെ മോഹം പൂവണിയണം. അതിനായി അയൽ അറബ് രാജ്യങ്ങൾ ക്രിയാത്മകമായ ഇടപെടലുകൾ നടത്തണം. അറബ് രാജ്യങ്ങളെ മൊത്തത്തിൽ അസ്ഥിരപ്പെടുത്തുന്ന സാഹചര്യത്തിലേക്ക് ഇത് പടരാതിരിക്കാനുള്ള ജാഗ്രത പാലിക്കേണ്ടതുമുണ്ട്.

ഫലസ്തീന്റെ വിമോചനത്തിന് ഹമാസിന്റെ വഴിതന്നെയാണോ ശരി എന്ന ചോദ്യവും അതിനോടുള്ള പ്രതികരണവും അതിന്റെ മെറിറ്റിൽ പരിഗണിക്കേണ്ട സന്ദർഭമല്ല ഇപ്പോഴുള്ളത്. ഒരു കാര്യം നമുക്ക് ഉറപ്പിച്ചു പറയാം; ഹമാസിനെ ഓഡിറ്റു ചെയ്യുന്നവർ ഫലസ്തീൻ വിരോധികളും ഇസ്രയേൽ അനുകൂലികളുമാകുന്നു എന്ന ആഖ്യാനം തിരുത്തപ്പെടേണ്ടതാണ്. ഹമാസിനുനേരെ ഇസ്‌ലാമിക പണ്ഡിതലോകത്തുനിന്നുയർന്ന യാഥാർഥ്യബോധത്തോടെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയായി ഉയർന്നുകേൾക്കുന്നത് 'ഇവർ അതല്ലാതെ എന്തു ചെയ്യും' എന്ന മറുചോദ്യമാണ്. ഈ മറുചോദ്യം കൊണ്ടു മാത്രം അപ്രസക്തമാകുന്നതല്ല അവർക്കുനേരെ ഉയരുന്ന ചോദ്യങ്ങൾ. അല്ലാഹുവിന്റെ സഹായമാണ് രക്ഷാമാർഗം. അതിനു പാലിക്കേണ്ട ഇസ്‌ലാമിക മര്യാദകൾ ഹമാസ് ശരിയാം വിധം പാലിക്കുന്നില്ല എന്ന നിരീക്ഷണം പ്രസക്തമാണ്; ശരിയും. ഒക്ടോബർ 7നുണ്ടായ തിരിച്ചടിയെക്കുറിച്ചും വ്യത്യസ്ത നിരീക്ഷണങ്ങൾ നിലവിലുണ്ട്. അതിലൊന്ന് ഹമാസിന്റെ വിജയമാണ്, ഇസ്രയേലിന്റെ അഹങ്കാരത്തിനേറ്റ തിരിച്ചടിയാണ് എന്നതാണ്. രണ്ടാമത്തേത് ഇസ്രയേലിന്റെ ആഭ്യന്തര പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടാൻ അവർ സ്വയം നടത്തിയ ആക്രമണമാണ് ഇത് എന്നതാണ്. മൂന്നാമത്തേത് സുഊദി അറേബ്യയുടെ മധ്യസ്ഥതയെ തകർക്കാൻ ഇറാൻ ഹമാസുമായി ചേർന്ന് നടത്തിയ ആക്രമണമാണ് എന്നതാണ്. ഇതിൽ ഏതാണു ശരി എന്ന് എന്നെങ്കിലും തെളിയുമെന്ന് പ്രത്യാശിക്കാം.

ലോകത്തെ ഏതു രാജ്യത്തിന്റെയും നീക്കങ്ങളെയും നിലപാടുകളെയും സമയാസമയം നിരീക്ഷിച്ചറിയുന്ന, ലോകത്തെ ഏറ്റവും ശക്തമായ ചാരസംഘടന എന്ന ഖ്യാതി നേടിയ മൊസ്സാദിന് ഒരു മതിലിനപ്പുറത്തുനിന്ന് നടക്കാനിരിക്കുന്ന ആക്രമണത്തെ മണത്തറിയാൻ എന്തുകൊണ്ട് സാധിച്ചില്ല എന്നത് നിസ്സാരമായി തള്ളിക്കളയേണ്ട ചോദ്യമാണെന്ന് തോന്നുന്നില്ല.

മുക്കാൽ നൂറ്റാണ്ടിലേറെക്കാലമായി സ്വന്തം വീട്ടിൽനിന്നും നാട്ടിൽനിന്നും ആട്ടിയോടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, ഒരു കാരണവുമില്ലാതെ തങ്ങളുടെ സ്വന്തക്കാരെ പിടിച്ചുകൊണ്ടുപോയി തടവറയിലിടുന്നതിനും കുട്ടികളെ തിരഞ്ഞുപിടിച്ച് കൊന്നുതള്ളിക്കൊണ്ടിരിക്കുന്നതിനും സാക്ഷികളായിക്കൊണ്ടിരിക്കുന്ന ഫലസ്തീനികൾക്കൊപ്പമാണ് നാം നിലകൊള്ളേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല. അവർക്കിടയിൽ മുസ്‌ലിംകളുണ്ട്, ക്രൈസ്തവരുണ്ട്, ജൂതൻമാരുമുണ്ട്. അവർ ആവശ്യപ്പെടുന്നത് കവർന്നെടുക്കപ്പെട്ട അവരുടെ മണ്ണും തടയപ്പെട്ട സ്വാതന്ത്ര്യവുമാണ്.

**ഫലസ്തീൻ പ്രശ്നം എന്നും ഫലസ്തീനികളുടെ മാത്രം പ്രശ്നമായി ചുരുങ്ങുന്നു എന്നതാണ് നമ്മെ വേദനിപ്പിക്കുന്ന കാര്യം. സ്വന്തം താൽപര്യസംരക്ഷണത്തിനായി ഫലസ്തീനികളുടെ ദൈന്യത ഉയർത്തിപ്പിടിക്കുന്നതാണ് നാം കഴിഞ്ഞ കാലങ്ങളിലെല്ലാം ലോകത്തു കണ്ടത്. കേരളത്തിലും ഇപ്പോൾ ഉയർന്നുവരുന്ന രാഷ്ട്രീയ വാദപ്രതിവാദങ്ങൾ ഫലസ്തീനികളുടെ പ്രശ്നത്തെയല്ല പ്രതിനിധീകരിക്കുന്നത്; സങ്കുചിതമായ പാർട്ടി താൽപര്യങ്ങളെയാണ്.**



# മറ്റുള്ളവർക്കുവേണ്ടിയും പ്രാർഥിക്കുക

**ഹുസ്നമലോറം**

വർഷങ്ങൾക്കു ശേഷം സുഹൃത്തിന്റെ ഒരു മെസ്സേജ് കണ്ടു: “നാളെ എന്റെ നിക്കാഹാണ്, ദുആ ചെയ്യണേ...” ഇത് വായിച്ചപ്പോൾ വല്ലാത്തൊരു സന്തോഷം തോന്നി. ഒരുമിച്ചു പഠിച്ച സുഹൃത്താണ്. വിവാഹം ഇതുവരെ കഴിഞ്ഞിട്ടില്ല. എന്റെ വിവാഹം കഴിഞ്ഞു, നാലു മക്കളായി. കൂടെപഠിച്ച എല്ലാവരുടെയും വിവാഹം കഴിഞ്ഞിരുന്നു. ഒന്നും അതിലധികവും മക്കളുമായി അവരെല്ലാം കുടുംബജീവിതം നയിക്കുന്നു.

വിവാഹം കഴിഞ്ഞു പന്ത്രണ്ടു കൊല്ലമായിട്ടും മക്കളില്ലാത്ത മറ്റൊരു സുഹൃത്തും പലപ്പോഴും മനസ്സിന് സങ്കടം തന്നിരുന്നു. ‘ഒരു കുഞ്ഞുണ്ടാകാൻ പ്രാർഥിക്കണേ’ എന്ന് അവൾ സങ്കടത്തോടെ ആവശ്യപ്പെടാറുണ്ടായിരുന്നു. ഒരിക്കൽ വാട്സാപ്പിലൂടെ ‘നിന്റെ വിശേഷങ്ങൾ പറയെടോ’ എന്ന് പറഞ്ഞപ്പോൾ ‘എനിക്കെന്ത് വിശേഷം, നിങ്ങൾക്കല്ലേ വിശേഷങ്ങൾ’ എന്ന, അവളുടെ സങ്കടം നിറഞ്ഞ വാക്കുകൾ മനസ്സിനെ വല്ലാതെ സ്പർശിച്ചു. പിന്നെ കൂടുതലൊന്നും പറയാൻ സാധിച്ചില്ല. നിനക്കുവേണ്ടി എന്നും പ്രാർഥിക്കുന്നുണ്ട് എന്നു പറഞ്ഞ് അവസാനിപ്പിച്ചു.

ഏതായാലും സ്രഷ്ടാവിന്റെ അപാരമായ അനുഗ്രഹത്താൽ അവൾക്കും കുഞ്ഞുണ്ടായി. ഒന്നല്ല; ഒരു പ്രസവത്തിൽ രണ്ട് കുഞ്ഞുങ്ങൾ, ഇരട്ടി മധുരം! ഒരു വർഷത്തിന് ശേഷം മൂന്നാമതൊരു വിശേഷം കൂടി പറയാൻ അവൾ വിളിച്ചപ്പോൾ മനസ്സ് നിറഞ്ഞു.

മറ്റുള്ളവരുടെ അഭാവത്തിൽ അവർക്കുവേണ്ടിയുള്ള പ്രാർഥനക്ക് വലിയ പ്രാധാന്യമുണ്ട്, പ്രതിഫലമുണ്ട്. വിദൂരത്തിലുള്ള അവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾ വല്ലാത്തൊരു ആത്മനിർവൃതി യാണ് ലഭിക്കുക.

ഇഷ്ടമുള്ളവരുടെ കൂടെ നിന്ന് സെൽഫിയെടുത്ത് അത് വാട്സാപ്പ് സ്റ്റാറ്റസാക്കുന്നതിൽ സന്തോഷം കാണുന്നവരുണ്ട്. സമ്മാനങ്ങൾ നൽകി സന്തോഷിപ്പിക്കുന്നവരുണ്ട്. എന്നാൽ പ്രാർഥനയിൽ അവരെ നമ്മൾ ഉൾപെടുത്താറുണ്ടോ? അവർ എന്തെങ്കിലും പ്രയാസമനുഭവിക്കുന്നതായി അറിഞ്ഞാൽ നാം അവർക്കു വേണ്ടി പ്രാർഥിക്കാറുണ്ടോ? സഹോദരിമാരേ, മനസ്സറിഞ്ഞ് നാം പ്രാർഥിക്കുക, നമുക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും.

പ്രവാചകൻ(സ) പറഞ്ഞു: “മുസ്‌ലിമായ ഒരു വ്യക്തി, തന്റെ സഹോദരനുവേണ്ടി അവന്റെ അസാന്നിധ്യത്തിൽ പ്രാർഥിക്കുന്നത് സ്വീകരിക്കപ്പെടുന്നതാണ്. അവന്റെ തലയുടെ ഭാഗത്ത് (കാര്യങ്ങൾ) ഏൽപിക്കപ്പെട്ട ഒരു മലക്കുണ്ട്, തന്റെ സഹോദരന് നന്മക്ക് വേണ്ടിയുള്ള ഓരോ പ്രാർഥനാവേളയിലും മലക്ക് പറയും: ‘ആമീൻ, നിനക്കും അതുപോലെയുണ്ടാവട്ടെ” (മുസ്‌ലിം)

ഞാൻ എത്ര പ്രാർഥിച്ചിട്ടും എനിക്ക് ഉത്തരം ലഭിക്കുന്നില്ല എന്നു പറയുന്ന ചില സഹോദരിമാരുണ്ട്. സഹോദരിമാരേ, പ്രാർഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. അതിനാൽ നിരാശപ്പെട്ട് പ്രാർഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർഥന ഇഹലോകത്തും പരലോകത്തും ഗുണം മാത്രമെ വരുത്തുകയുള്ളൂ.

പ്രാർഥന സ്രഷ്ടാവിനോടു മാത്രമെ പാടുള്ളൂ എന്ന യാഥാർഥ്യം മറന്നുപോകരുത്. സൃഷ്ടികളോട് പ്രാർഥിക്കുന്നത് ഏറ്റവും വലിയ അക്രമമാണ്. അല്ലാഹു അത് ഒരിക്കലും പൊറുക്കുകയില്ല: “അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമകാരികളുടെ കൂട്ടത്തിലായിരിക്കും”(ക്വുർആൻ 10:106).



# സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും

03

ഡോ. ഷാനവാസ് യു.എസ്.എ
:94963 57979

**ഇംപ്ലാന്റേഷൻ**

ബീജസങ്കലനത്തിന്റെ (fertilization) ഫലമായി ഉണ്ടാകുന്ന ഭ്രൂണം അണ്ഡവാഹിനിക്കുഴലിലൂടെ സഞ്ചരിക്കുകയും ശേഷം ഗർഭപാത്രത്തിന്റെ ഭിത്തിയിൽ തുളച്ചുകയറി ഒട്ടിപ്പിടിച്ച് ഇരിക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് ഇംപ്ലാന്റേഷൻ (implantation) എന്നു പറയുന്നത്. ഗർഭപാത്രത്തിന്റെ ഭിത്തിക്ക് 3 ആവരണങ്ങളുണ്ട്. ഇതിലെ ഏറ്റവും അകത്തെ ആവരണമായ എന്റോമെട്രിയം (endometrium) ധാരാളം രക്തക്കുഴലുകൾകൊണ്ട് സമ്പന്നമാണ്. ഭ്രൂണത്തിന്റെ വളർച്ചക്ക് ആവശ്യമായ ഊർജം മാതാവിന്റെ രക്തത്തിൽനിന്നും ലഭിക്കേണ്ടതിനാൽ, ഇംപ്ലാന്റേഷൻ നടക്കുന്നത് ഗർഭപാത്രത്തിന്റെ എന്റോമെട്രിയം എന്ന ഈ ആവരണത്തിലാണ്.

“നിസ്സാരമായ ഒരു ദ്രാവകത്തിൽനിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ? എന്നിട്ട് നാം അതിനെ ഭദ്രമായ ഒരു സങ്കേതത്തിൽ വെച്ചു; നിശ്ചിതമായ ഒരു അവധിവരെ” (ക്വുർആൻ 77: 20-22).

“...തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽക

**ഗർഭപാത്രത്തിന്റെ ഭിത്തിക്ക് 3 ആവരണങ്ങളുണ്ട്. ഇതിലെ ഏറ്റവും അകത്തെ ആവരണമായ എന്റോമെട്രിയം (endometrium) ധാരാളം രക്തക്കുഴലുകൾകൊണ്ട് സമ്പന്നമാണ്. ഭ്രൂണത്തിന്റെ വളർച്ചക്ക് ആവശ്യമായ ഊർജം മാതാവിന്റെ രക്തത്തിൽനിന്നും ലഭിക്കേണ്ടതിനാൽ, ഇംപ്ലാന്റേഷൻ നടക്കുന്നത് ഗർഭപാത്രത്തിന്റെ എന്റോമെട്രിയം എന്ന ഈ ആവരണത്തിലാണ്. “നിസ്സാരമായ ഒരു ദ്രാവകത്തിൽനിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ? എന്നിട്ട് നാം അതിനെ ഭദ്രമായ ഒരു സങ്കേതത്തിൽ വെച്ചു; നിശ്ചിതമായ ഒരു അവധിവരെ’’ (ക്വുർആൻ 77: 20-22).**

പ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു...”(22:5).

മുകളിൽ പ്രതിപാദിച്ച വചനങ്ങളിലെല്ലാംതന്നെ, ഭ്രൂണത്തെ ഒരു നിശ്ചിതകാലംവരെ ഗർഭാശയത്തിൽ ഉറപ്പിച്ചുവെക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നതായി നമുക്ക് കാണാം. ആ കാലാവധി ഒരു ഗർഭ കാലഘട്ടമാണ്. സാധാരണ ഒരു മനുഷ്യനിൽ ഇത് ഒമ്പതുമാസവും ഒരാഴ്ചയുമാണ് (40 ആഴ്ച/280 ദിവസം). ഗർഭകാലഘട്ടത്തെ കുറിച്ചുള്ള ഈ അറിവാണ് പ്രസവ തീയതി നിർണയിക്കാൻ ഡോക്ടർമാരെ സഹായിക്കുന്നത്. ഇംഗ്ലീഷിൽ ഇതിനെ EDC (Expected Date of Confinement) എന്ന് പറയും.


ഉദാഹരണം: ഒരു സ്ത്രീയുടെ ആർത്തവം മൂലമുള്ള രക്തസ്രാവം നിലച്ചത് ഫെബ്രുവരി പത്തൊമ്പതിനാണ് എന്ന് കരുതുക. അപ്പോൾ അവളുടെ പ്രസവതീയതി കിട്ടാൻ ഫെബ്രുവരി 19ലേക്ക് 9 മാസവും 7 ദിവസവും കൂട്ടിയാൽ മതി. അതായത് EDC ഏതാണ്ട് നവംബർ 26 ആയിരിക്കും.

സിക്താണ്ഡം (zygote) പല കോശങ്ങളായി വിഘടിച്ച് ഉണ്ടാകുന്ന കോശങ്ങളുടെ കൂട്ടത്തെ ബ്ലാസ്റ്റോസിസ്റ്റ് (blastocyst) എന്ന് വിളിക്കുന്നു. ഇതിൽ രണ്ടു തരം കോശസമൂഹങ്ങൾ കാണാം. ഒരു ആവരണം പോലെ ബ്ലാസ്റ്റോസിസ്റ്റിന്റെ പുറത്തു കാണുന്ന കോശങ്ങളെ ട്രോഫോബ്ലാസ്റ്റ് (Trophoblast) എന്ന് വിളിക്കുന്നു. ഇതിനകത്ത് കാണുന്ന കോശസമൂഹത്തെ ഇന്നർ സെൽമാസ് (inner cell mass) എന്നും വിളിക്കുന്നു. പുറമെ കാണുന്ന ട്രോഫോബ്ലാസ്റ്റാണ് ഗർഭാശയഭിത്തിയുമായി ഒട്ടിച്ചേരാൻ (implantation) സഹായിക്കുന്നത്.


ഇംപ്ലാന്റേഷനുശേഷം കോറിയോണിക് വില്ലസ് (chronic villus) എന്ന് വിളിക്കുന്ന, വിരലുകൾ പോലെയുള്ള ഭാഗങ്ങൾ ട്രോഫോബ്ലാസ്റ്റിൽനിന്നും പുറത്തുവരുന്നു. അത് ഗർഭാശയത്തിന്റെ എന്റോമെട്രിയത്തിൽ തുളച്ചുകയറുകയും അങ്ങനെ ഭ്രൂണവും മാതാവിന്റെ ഗർഭാശയവും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ഭ്രൂണത്തിന്റെ കോറിയോണിക് വില്ലസും ഗർഭപാത്രത്തിന്റെ രക്തക്കുഴലുകളും തമ്മിൽ കൂടിച്ചേർന്നുണ്ടാകുന്ന ഈ ഭാഗത്തെ പ്ലാസന്റ (placenta) എന്ന് വിളിക്കുന്നു. ഭ്രൂണത്തെ ഗർഭാശയത്തിൽ പിടിച്ചുനിർത്തുന്നതിന് പുറമെ ഭ്രൂണത്തിന് ആവശ്യമായ ഓക്സിജനും ഭക്ഷണവും (nutrients) നൽകാനും ഭ്രൂണത്തിന്റെ വിസർജ്യങ്ങൾ പുറത്തുകളയാനും പ്ലാസന്റ സഹായിക്കുന്നു.

**വൃഷണവും വൃഷണസഞ്ചിയും**

ധാരാളം പ്രത്യേകതകളോടു കൂടിയാണ് വൃഷണവും വൃഷണസഞ്ചിയും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വൃഷണ സഞ്ചിയുടെ പ്രത്യേകമായ സ്ഥാനംതന്നെ അതിന്റെ ഏറ്റവും വലിയൊരു സവിശേഷതയാണ്. മുൻ ലക്കത്തിൽ പ്രതിപാദിച്ചപോലെ വൃഷണത്തിനകത്താണല്ലോ പുരുഷബീജം സൃഷ്ടിക്കപ്പെടുന്നത്.



**“പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഒരു ഭദ്രമായ സ്ഥലത്ത് വെച്ചു’’ (ക്വുർആൻ 23:13). വൃഷണത്തിന്റെ അകത്ത് ചില പ്രത്യേക അറകൾക്കുള്ളിലാണ് ബീജം സംരക്ഷിക്കപ്പെട്ടത്. ഈ അറകളെ സെമിനിഫെറസ് ട്യൂബുകൾ (seminiferous tubules)എന്ന് വിളിക്കുന്നു. ഇതിനകത്ത,് ബീജത്തിന് പുറമെ കാണുന്ന മറ്റൊരു ഇനം കോശങ്ങൾ ഉണ്ട്. അവയെ സെർട്ടോളി കോശങ്ങൾ (sertoli cells) എന്ന് വിളിക്കുന്നു. പുരുഷബീജത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങൾ (nutrients) നൽകുന്നത് ഈ കോശങ്ങളാണ്. ഇതിനെല്ലാം പുറമെ വ്യത്യസ്ത തരം പേശികൾകൊണ്ടും വ്യത്യസ്ത തരം ആവരണങ്ങൾ കൊണ്ടും വൃഷണം വലയംചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം വളരെ ഭദ്രമായ രീതിയിൽ ബീജം സംരക്ഷിക്കപ്പെട്ടിരിക്കുന്നു.**




**ബ്ലാസ്റ്റോസിസ്റ്റ് (Blastocyst)**


ഈ പ്രക്രിയയെ സ്പേർമറ്റോജെനിസിസ് (spermatogenesis) എന്ന് വിളിക്കുന്നു. ഈ പ്രക്രിയയ്ക്ക് ഏറ്റവും അനുകൂലമായ താപം (ideal temperature) 35 ഡിഗ്രി സെൽഷ്യസ് ആണ്. ഈ താപത്തെക്കാൾ കൂടിയതും കുറഞ്ഞതുമായ താപം ബീജത്തിന്റെ രൂപീകരണത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

ഒരു മനുഷ്യശരീരത്തിന്റെ താപനില 37 ഡിഗ്രി സെൽഷ്യസ് ആണ്. ആയതിനാൽ ഈ കൂടിയ താപം വൃഷണത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ഇതിനാലാണ് വൃഷണം ശരീരത്തിൽനിന്നും അല്പം മാറി വൃഷണസഞ്ചിയിലേക്ക് മാറ്റപ്പെട്ടത്.


“പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഒരു ഭദ്രമായ സ്ഥലത്ത് വെച്ചു” (ക്വുർആൻ 23:13).

വൃഷണത്തിന്റെ അകത്ത് ചില പ്രത്യേക അറകൾക്കുള്ളിലാണ് ബീജം സംരക്ഷിക്കപ്പെട്ടത്. ഈ അറകളെ സെമിനിഫെറസ് ട്യൂബുകൾ (seminiferous tubules)എന്ന് വിളിക്കുന്നു. ഇതിനകത്ത്, ബീജത്തിന് പുറമെ കാണുന്ന മറ്റൊരു ഇനം കോശങ്ങൾ ഉണ്ട്. അവയെ സെർട്ടോളി കോശങ്ങൾ (sertoli cells) എന്ന് വിളിക്കുന്നു. പുരുഷബീജത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങൾ (nutrients) നൽകുന്നത് ഈ കോശങ്ങളാണ്. ഇതിനെല്ലാം പുറമെ വ്യത്യസ്ത തരം പേശികൾകൊണ്ടും വ്യത്യസ്ത തരം ആവരണങ്ങൾ കൊണ്ടും വൃഷണം വലയംചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം വളരെ ഭദ്രമായ രീതിയിൽ ബീജം സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

“എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ, താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലു കൾുമിടയിൽ നിന്നും




**ഗർഭാശയ ഭിത്തി (Uterine wall)**




**വൃഷണവും വൃഷണ സഞ്ചിയും (Testis and scrotum)**

> **വൃഷണധമനികളിലെ രക്തത്തിന്റെ താപനില സിരയിലുള്ളതിനെക്കാൾ കൂടുതലാണ്. നേരത്തെ സൂചിപ്പിച്ചപോലെ വൃഷണ ധമനികൾ പാംപ്നിഫോം പ്ലക്സസിന്റെ ഉള്ളിലൂടെ സഞ്ചരിക്കുന്നതിനാൽ ധമനികളിലെ ഉയർന്ന താപം സിരകളിലെ രക്തത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഇതിന്റെ ഫലമായി വൃഷണത്തിൽ എത്തുന്ന വൃഷണധമനികളിലെ രക്തത്തിന്റെ താപം ബീജോൽപാദനത്തിന് അനുകൂലമായ രീതിയിൽ കുറയുന്നു.**

അത് പുറത്തുവരുന്നു” (86:5-7).

**1. വൃഷണത്തിന്റെ സ്ഥാനമാറ്റം**

ഒരു കുഞ്ഞ് മാതാവിന്റെ ഗർഭാശയത്തിലാകുമ്പോൾ അവന്റെ വൃഷണങ്ങൾ അവന്റെ വയറിന്റെ അകത്താണ് കാണപ്പെടുന്നത്. എന്നാൽ പ്രസവത്തിനു മുന്നോടിയായി അവ താഴേക്ക് ഇറങ്ങി വരികയും വൃഷണസഞ്ചിയിൽ എത്തുകയും ചെയ്യുന്നു. മുമ്പ് പ്രതിപാദിച്ചപോലെ, ശരീരത്തിന്റെ താപനിലയെക്കാൾ 2 ഡിഗ്രി സെൽഷ്യസ് കുറവാണ് വൃഷണ സഞ്ചിയിലെ താപനില. ഇത് ബീജങ്ങളുടെ ഉൽപാദനത്തിന് അനുയോജ്യമായ താപനില പ്രദാനം ചെയ്യുന്നു.

**2. വൃഷണസഞ്ചിയുടെ പേശികൾ**

വൃഷണസഞ്ചിയുടെ പ്രത്യേകമായ പേശികളെ ട്യൂണിക ഡാർടസ് (tunica dartos) എന്നു വിളിക്കുന്നു. അതുപോലെ വൃഷണത്തെ ബന്ധിപ്പിച്ചുകൊണ്ട് ക്രിമാസ്റ്ററിക് (cremasteric) എന്ന ഒരു പേശിയും ഉണ്ട്. അന്തരീക്ഷം തണുക്കുമ്പോൾ ഈ രണ്ടുപേശികളും മുറുകുന്നു. അതിന്റെ ഫലമായി വൃഷണസഞ്ചി ചെറുതാവുകയും വൃഷണം ശരീരത്തോട് കൂടുതൽ ചേർന്നുനിൽക്കുകയും ചെയ്യും. ശരീരതാപം വൃഷണസഞ്ചിയെക്കാൾ ഉയർന്നതിനാൽ ചൂട് ശരീരത്തിൽനിന്നും വൃഷണത്തിലേക്ക് എത്തുന്നു. ഈ പ്രക്രിയ തണുപ്പുകാലങ്ങളിൽ വൃഷണത്തിന്റെ താപം 35 ഡിഗ്രി സെൽഷ്യസിൽ നിലനിർത്താൻ സഹായിക്കുന്നു. അതുപോലെ തന്നെ അന്തരീക്ഷത്തിലെ ചൂട് വർധിക്കുമ്പോൾ ഇതിന്റെ വിപരീത രീതിയിൽ നടക്കും. ഇതും വൃഷണത്തിന്റെ താപം 35 ഡിഗ്രി സെൽഷ്യസിൽ നിലനിർത്താൻ സഹായിക്കുന്നു.

**3. വൃഷണത്തിന്റെ ധമനികളും സിരകളും**

എല്ലാ അവയവങ്ങളെയും പോലെ വൃഷണത്തിനും അതിന്റേതായ രക്തക്കുഴലുകളുണ്ട്. വൃഷണത്തിലേക്ക് ശുദ്ധരക്തം എത്തിക്കുന്ന രക്തക്കുഴലുകളെ വൃഷണധമനികൾ എന്നും വൃഷണത്തിൽനിന്നും അശുദ്ധരക്തം പുറത്തുകൊണ്ടുപോകുന്നവയെ വൃഷണസിരകൾ എന്നും പറയുന്നു. വൃഷണസിരകൾ വൃഷണത്തിന് തൊട്ടുമുകളിൽ ഒരു വലപോലെ കാണപ്പെടുന്നു. ഇവയെ പാംപ്നിഫോം പ്ലക്സസ് (pampniform plexus) എന്ന് പറയുന്നു. വൃഷണധമനികൾ ഇവയുടെ ഉള്ളിലൂടെ സഞ്ചരിച്ചാണ് വൃഷണത്തിൽ എത്തുന്നത്.

വൃഷണധമനികളിലെ രക്തത്തിന്റെ താപനില സിരയിലുള്ളതിനെക്കാൾ കൂടുതലാണ്. നേരത്തെ സൂചിപ്പിച്ചപോലെ വൃഷണധമനികൾ പാംപ്നിഫോം പ്ലക്സസിന്റെ ഉള്ളിലൂടെ സഞ്ചരിക്കുന്നതിനാൽ ധമനികളിലെ ഉയർന്ന താപം സിരകളിലെ രക്തത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഇതിന്റെ ഫലമായി വൃഷണത്തിൽ എത്തുന്ന വൃഷണധമനികളിലെ രക്തത്തിന്റെ താപം ബീജോൽപാദനത്തിന് അനുകൂലമായ രീതിയിൽ കുറയുന്നു.


**4. വിർയപ്പു ഗ്രന്ഥികൾ**

വൃഷണസഞ്ചിയുടെ തൊലി ധാരാളം വിയർപ്പുഗ്രന്ഥികൾകൊണ്ട് സമ്പന്നമാണ്. മനുഷ്യൻ വ്യായാമം ചെയ്യുകയോ അന്തരീക്ഷതാപം വർധിക്കുകയോ ചെയ്യുമ്പോൾ ഈ ഗ്രന്ഥികൾ വിയർപ്പ് ഉൽപാദിപ്പിക്കുകയും അതിന്റെ ഫലമായി വൃഷണസഞ്ചിയുടെ താപനില കുറയുകയും ചെയ്യുന്നു. മേൽപറഞ്ഞ വ്യത്യസ്ത പ്രക്രിയകൾ വഴിയാണ് പുരുഷ ബീജോൽപാദനത്തിന് അനുയോജ്യമായ താപം നിലനിർത്തുന്നത്.

*(തുടരും)*

നിയമപഥം

നമ്മുടെ രാജ്യത്തെ കോടതികൾ 39




# പൊലീസ് സ്റ്റേഷനും പൊതുജനങ്ങൾക്കുള്ള അവകാശങ്ങളും

**അബൂ ആദം അയ്മൻ**

സ്റ്റേഷനിൽനിന്ന് നിയമാനുസൃതസേവനം ലഭിക്കുന്നതിനും ഏതു പൊലീസ് സ്റ്റേഷനിലും ഏതു സമയത്തും സമാധാനപൂർവം കടന്നുചെല്ലുന്നതിനും സ്വീകരിക്കപ്പെടുന്നതിനും ഏവർക്കും അവകാശം ഉണ്ടായിരിക്കും. ന്യായമായ നിയന്ത്രണങ്ങൾക്കു വിധേയമായി പൊലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ (സ്റ്റേഷൻ ഹൗസ് ഓഫീസർ) കാണുന്നതിനും കാര്യങ്ങൾ അറിയിക്കുന്നതിനുമുള്ള അവകാശം ഏവർക്കുമുണ്ടായിരിക്കുന്നതാണ്. മതിയായ കാരണങ്ങൾ കൂടാതെ ഈ അവകാശം നിഷേധിക്കാൻ പാടില്ല. വനിതാ പൊലീസിന്റെ സാന്നിധ്യത്തിൽ സ്ത്രീകൾക്ക് സ്വകാര്യതയോടെ പരാതി നൽകുന്നതിനുള്ള സൗകര്യം പൊലീസ് സ്റ്റേഷനിൽ ഉണ്ടായിരിക്കണം. ഏതൊരാൾക്കും അയാൾ നൽകിയ പരാതിയെ സംബന്ധിച്ച കൈപ്പറ്റുരസീത് ലഭിക്കുന്നതിതും പരാതിയിന്മേലുള്ള പൊലീസ് നടപടിയുടെയോ അന്വേഷണത്തിന്റെയോ അവസ്ഥ അറിയുന്നതിനും അവകാശമുണ്ട്. ഏതൊരാളും പൊലീസ് സ്റ്റേഷനിൽ വാക്കാലോ രേഖാമൂലമോ നൽകിയ ഏതൊരു പരാതിയുടെയും ചുരുക്കം സ്റ്റേഷനിൽ വച്ചുപോരുന്നതായ സ്ഥിരം രജിസ്റ്ററിൽ തത്സമയം രേഖപ്പെടുത്തിയിരിക്കണം. ഏതെങ്കിലും ഒരു പ്രത്യേക ആൾ പൊലീസ് സ്റ്റേഷനിൽ ഉണ്ടോയെന്ന് അറിയാൻ ഏതൊരാൾക്കും അവകാശമുണ്ടായിരിക്കും.

**പൊലീസ് കംപ്ലെയിന്റ്സ് അതോറിറ്റി**

പൊലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പൊലീസ് ഉദ്യോഗസ്ഥരുടെയും എല്ലാത്തരത്തിലുമുള്ള നടപടിദൂഷ്യങ്ങളെക്കുറിച്ചുള്ള പരാതികളും, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ, ആരുടെയെങ്കിലും മരണത്തിനു കാരണമാകൽ, ആരെയെങ്കിലുമുള്ള ഗുരുതരമായ പരുക്കേല്പിക്കൽ, ആരെയെങ്കിലുമുള്ള ബലാൽസംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള പൊലീസുദ്യോഗസ്ഥർക്കെതിരായ പരാതികളും പരിശോധിക്കുന്നതിനും അന്വേഷിക്കുന്നിനുമായി ഗവൺമെന്റ് ഒരു പൊലീസ് കംപ്ലെയിന്റ്സ് അതോറിട്ടി രൂപവൽക്കരിക്കേണ്ടതാണെന്ന്, കേരള പൊലീസ് ആക്ട് (2011ലേത്) 110ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

പൊലീസ് സുപ്രണ്ട് മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ സംസ്ഥാനതലത്തിലുള്ള പൊലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയും, ഡിവൈഎസ്പി മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ ജില്ലാതലത്തിലുള്ള പൊലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയും ആണ് പരിഗണിക്കുന്നത്. ഒരു റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള സംസ്ഥാന അതോറിറ്റിയിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനും, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നൽകുന്ന പൊലീസ് ഐജിയുടെ റാങ്കിൽ കുറയാത്ത പദവിയിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ മൂന്നംഗ പാനലിൽനിന്നും, സംസ്ഥാന ലോകായുക്ത നൽകുന്ന റിട്ട. ജില്ലാ ജഡ്ജിമാരുടെ മുന്നംഗ പാനലിൽനിന്നും, പ്രതിപക്ഷനേതാവുമായി ആലോചിച്ച് ഗവണ്മെന്റ് നിശ്ചയിക്കുന്നതായ ഓരോ വ്യക്തിയും അംഗങ്ങളായിരിക്കുന്നതാണ്. ഒരു റിട്ട. ജില്ലാ ജഡ്ജി ചെയർമാനായുള്ള ജില്ലാഅതോറിറ്റിയിൽ ജില്ലാ കലക്ടറും ജില്ലാ പൊലീസ് സൂപ്രണ്ടും അംഗങ്ങളായിരിക്കും. ത്രിതല പഞ്ചായത്തു പ്രസിഡന്റുമാർ, നഗരസഭാധ്യക്ഷന്മാർ, കോർപ്പറേഷൻ ചെയർമാന്മാർ, എംഎൽഎമാർ, എംപിമാർ എന്നിവർക്ക് അവരുടെ ശ്രദ്ധയിൽ പെടുന്നതോ, ആരെങ്കിലും അവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോ ആയ പരാതികൾ, ബന്ധപ്പെട്ട അതോറിറ്റിക്ക് നൽകാവുന്നതാണ്.

*(അവലംബം)*



# കാപട്യത്തിലേക്കുള്ള നാലു വാതിലുകൾ 02

മുഹമ്മദ് സിയാദ് കണ്ണൂർ
:+966 50 7285335

**4. വ്യാമോഹങ്ങളിൽ വഞ്ചിതരാകൽ**

സ്വന്തം ചെയ്തികളിൽ ആശ്ചര്യം പൂണ്ട് അഹന്തയും അസൂയയും ഉടലെടുക്കുന്നു. താൻ ചെയ്യുന്ന ഏത് അബദ്ധങ്ങളെയും സുബദ്ധങ്ങളായി ചിത്രീകരിക്കാൻ അവർ പാടുപെടും. ഇവിടെ ഉപയോഗിച്ച 'ഗർറ്' എന്ന അറബി പദത്തിന്റെ അർഥത്തെ കുറിച്ച് ഇബ്നു കസീർ(റഹി) പറഞ്ഞത് ഇപ്രകാരമാണ്:

"അത്തഗ്‌രീർ: വളച്ചൊടിച്ചും ദുർന്യായങ്ങളിലൂടെയും (മിഥ്യാബോധത്തിലൂടെയും) ദോഷകരമായ കാര്യത്തെ ഉപകാരപ്രദമായ കാര്യമായി ചിത്രീകരിക്കുക."

'വ്യാമോഹങ്ങൾ' എന്ന അർഥം വരുന്ന 'അമാനിയ്യി'നെ കുറിച്ച് ഇങ്ങനെ കാണാം: "നിരർഥകതയിൽ നിന്ന് സ്വയം രക്ഷപ്പെടാൻ കൊതിക്കുന്നത്." ഉദാ: തങ്ങൾ സൽപ്രവർത്തനങ്ങൾ ചെയ്യുന്നവരാണെന്ന വാദം പോലെ. അതാണ് അല്ലാഹു പറഞ്ഞത്: "നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരി



ക്കും അവരുടെ മറുപടി. എന്നാൽ യഥാർഥത്തിൽ അവർ തന്നെയാകുന്നു കുഴപ്പക്കാർ. പക്ഷേ, അവരത് മനസ്സിലാക്കുന്നില്ല. മറ്റുള്ളവർ വിശ്വസിച്ചതുപോലെ നിങ്ങളും വിശ്വസിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ഈ മൂഢൻമാർ വിശ്വസിച്ചതുപോലെ ഞങ്ങളും വിശ്വസിക്കുകയോ എന്നായിരിക്കും അവർ മറുപടി പറയുക. എന്നാൽ യഥാർഥത്തിൽ അവർതന്നെയാകുന്നു മൂഢൻമാർ. പക്ഷേ, അവരത് അറിയു ന്നില്ല" (അൽബകറഃ 11-13).

സത്യവിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്ന അവരുടെ കാപട്യത്തെ ന്യായീകരിക്കാനായി തങ്ങൾ നന്മ മാത്രമെ ഉദ്ദേശിച്ചിട്ടുള്ളൂ എന്നും അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ചതാണെന്നും അവർ വ്യാഖ്യാനിക്കും.

അല്ലാഹു പറഞ്ഞു: "അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞു പോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും അനന്തരം അവർ നിന്റെ അടുത്തു വന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ട് ഞങ്ങൾ നൻമയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും? അത്തരക്കാരുടെ മനസ്സുകളിൽ എന്താണുള്ളതെന്ന് അല്ലാഹുവിന്നറിയാം. ആകയാൽ (നബിയേ,) അവരെ വിട്ട് തിരിഞ്ഞുകളയുക. അവർക്ക് സദുപദേശം നൽകുകയും അവരുടെ മനസ്സിൽ തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക" (അന്നിസാഅ് 61-63).

കാര്യങ്ങളെ അപഗ്രഥിക്കുന്നതിലും വിശകലനം ചെയ്യുന്നതിലും തങ്ങൾ വിദഗ്ധരാണെന്നും തങ്ങളുടെ തീരുമാനമനുസരിച്ചാണ് കാര്യങ്ങളുടെ പര്യവസാനം എന്നുമുള്ള വ്യാമോഹവും അവർക്കുണ്ട്.

തുടക്കത്തിൽ സൂചിപ്പിച്ച സൂറതുൽ ഹദീദിലെ സൂക്തം അവസാനിക്കുന്നത് 'അല്ലാഹുവിന്റെ കാര്യത്തിൽ പരമവഞ്ചകനായ പിശാച് നിങ്ങളെ വഞ്ചിച്ചുകളഞ്ഞു' എന്ന് പറഞ്ഞുകൊണ്ടാണ്. അതായത് കപടവിശ്വാസികൾക്ക് വന്നെത്തിയ ഈ ദുരവസ്ഥ പരമവഞ്ചകനായ പിശാചിന്റെ വഞ്ചനയുടെ ഫലമാണ്. അതിനാൽ ആ പരമവഞ്ചകന്റെ വലയിൽ അകപ്പെടാതെ സൂക്ഷിക്കലാണ്

**സത്യവിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്ന അവരുടെ കാപട്യത്തെ ന്യായീകരിക്കാനായി തങ്ങൾ നന്മ മാത്രമെ ഉദ്ദേശിച്ചിട്ടുള്ളൂ എന്നും അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ചതാണെന്നും അവർ വ്യാഖ്യാനിക്കും. അല്ലാഹു പറഞ്ഞു: "അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞു പോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും അനന്തരം അവർ നിന്റെ അടുത്തു വന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ട് ഞങ്ങൾ നൻമയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും? അത്തരക്കാരുടെ മനസ്സുകളിൽ എന്താണുള്ളതെന്ന് അല്ലാഹുവിന്നറിയാം.**

അതിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം. മറ്റൊരിടത്ത് അല്ലാഹു അത് ഉണർത്തി: “മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹിക ജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ” (ലുക്മാൻ 33).



പിശാചിന്റെ വഞ്ചനയുടെ ഉദാഹരണമായി ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അവതരിച്ച ആയത്ത് കാണുക:

“ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടുസംഘങ്ങൾ കണ്ടുമുട്ടിയപ്പോൾ എനിക്കു നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിൻമാറിക്കളഞ്ഞു” (അൽഅൻഫാൽ 48).

ഇതിന്റെ വ്യാഖ്യാനത്തിൽ അമാനി മൗലവി ഉണർത്തുന്നു: “ക്വുറൈശികൾ ബദ്റിലേക്കു പുറപ്പെട്ടപ്പോൾ, കിനാനഃ ഗോത്രത്തിൽപെട്ട ബനൂബക്കർ ശാഖയിൽനിന്നു തങ്ങൾക്കു വല്ല അനിഷ്ടസംഭവങ്ങളും നേരിട്ടേക്കുമോ എന്നൊരു ഭയം അവർക്കുണ്ടായിരുന്നു. അവർ തമ്മിൽ മുമ്പു കഴിഞ്ഞിരുന്ന ഒരു യുദ്ധ വഴക്കായിരുന്നു അതിനു കാരണം. ഈ ഭയാശങ്ക ഉപയോഗപ്പെടുത്തിക്കൊണ്ട് ആ ശാഖയിലെ ഒരു നേതാവായിരുന്ന സുറാക്വത്തുബ്നു മാലികിന്റെ വേഷത്തിൽ ഇബ്‌ലീസ് അവരെ സമീപിച്ചു. അവരുടെ സംരംഭങ്ങളെ പ്രശംസിക്കുകയും ഞാൻ നിങ്ങളുടെ ഒന്നിച്ചുണ്ട്, നിങ്ങൾക്ക് ആരെയും ഭയപ്പെടേണ്ടതില്ല, വിജയം നിങ്ങൾക്കു തീർച്ചയാണ് എന്നൊക്കെപ്പറഞ്ഞു അവരെ ധൈര്യപ്പെടുത്തി അവരുടെ ഒപ്പം കൂടുകയും ചെയ്തു. അവർ മുസ്‌ലിംകളുമായി സമീപിച്ചപ്പോൾ, മലക്കുകളുടെ വരവ് ഇബ്‌ലീസു കണ്ടു. അതോടെ, ‘ഞാൻ നിങ്ങളിൽനിന്ന് ഇതാ ഒഴിഞ്ഞുമാറുന്നു, നിങ്ങൾക്കു കണ്ടുകൂടാത്തതു ഞാൻ കാണുന്നു. എനിക്കു വല്ല ആപത്തും ബാധിച്ചേക്കുമെന്നു ഞാൻ ഭയപ്പെടുന്നുണ്ട#’ എന്നൊക്കെ പറഞ്ഞുകൊണ്ട് അവൻ പിൻവാങ്ങിക്കളഞ്ഞു. ഇതാണു ചുരുക്കം” (അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണം: സൂറതുൽ അൻഫാൽ: 48ന്റെ വ്യാഖ്യാനം).

അതുകൊണ്ട് തന്നെ കാപട്യത്തിന്റെ സ്വഭാവങ്ങളുടെ ഉത്ഭവമായ ഈ നാലെണ്ണത്തെ സ്വന്തം ജീവിതത്തിൽനിന്നും മാറ്റിനിർത്താൻ പരിശ്രമിക്കേണ്ടതുണ്ട്. അല്ലാഹു അതിനായി അനുഗ്രഹിക്കട്ടെ!

**“ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടുസംഘങ്ങൾ കണ്ടുമുട്ടിയപ്പോൾ എനിക്കു നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിൻമാറിക്കളഞ്ഞു’’ (അൽഅൻഫാൽ 48).**



യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 04

# തൗഹീദിലേക്ക് ക്ഷണിക്കപ്പെടുന്നു

**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**
: 9497385707

സത്യവിശ്വാസികൾ സ്വീകരിച്ചുകഴിഞ്ഞതും എന്നാൽ യഹൂദസമൂഹത്തിന് നിഷേധിക്കാൻ സാധിക്കാത്തതുമായ ഒരു ആദർശത്തിലൂടെ വിശ്വാസികളുമായി യോജിക്കുവാൻ ഖുർആൻ യഹൂദർ ഉൾപ്പെടെയുള്ള വേദക്കാരോട് ആവശ്യപ്പെട്ടിരുന്നു. അതേ ആദർശമാണ് നിങ്ങളുടെ പ്രവാചകന്മാരിൽനിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നതെന്നും നിങ്ങളുടെ വിശുദ്ധ വേദഗ്രന്ഥങ്ങളിൽ അതിനെക്കുറിച്ചുള്ള ശിക്ഷണമാണ് നൽകപ്പെട്ടിരിക്കുന്നതെന്നും സോദാഹരണം ഖുർആൻ അവരുമായി ബൗദ്ധികസംവാദം നടത്തി.വിനയത്തോടും തുറന്ന ഹൃദയത്തോടുമുള്ള സൗഹൃദ സംഭാഷണം, ദൃഷ്ടാന്തങ്ങൾ നിരത്തിക്കൊണ്ടുള്ള ആശയസംവാദം ഇതാണ് ഖുർആനിന്റെ ശൈലി.

ഖേദകരമെന്നു പറയട്ടെ, വിശ്വാസിസമൂഹത്തെപ്പറ്റി മുൻധാരണ പുലർത്തിയിരുന്ന യഹൂദർ ഈ പ്രബോധന പ്രവർത്തനങ്ങൾക്കനുകൂലമായി ചിന്തിക്കുവാൻ തയ്യാറായില്ല. ആരോപണങ്ങളും അപവാദങ്ങളും ശബ്ദകോലാഹലങ്ങളും പ്രമാണങ്ങളെ അട്ടിമറിക്കലും മാത്രമായിരുന്നു അവരുടെ മറുപടി. ഖുർആൻ പറയുന്നു:

“(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊ

**എത്ര കടുത്തകുറ്റം ചെയ്താലും തങ്ങൾക്ക് രക്ഷയുണ്ട്, അന്ത്യദിനത്തിൽ ദൈവികസാമീപ്യം സിദ്ധിക്കുന്നവർ തങ്ങളായിരിക്കും, തങ്ങളെ മാത്രമെ ദൈവം കടാക്ഷിക്കൂ, വല്ല പാപവും പ്രവർത്തിച്ചാൽ തന്നെ മഹാത്മാക്കളുടെ പുണ്യം(ബറകത്ത്)കൊണ്ട് അവയെല്ലാം ദൈവം കഴുകിക്കളയും എന്നൊക്കെയുള്ള ചില മിഥ്യാധാരണകൾ യഹൂദർ വെച്ചുപുലർത്തിയിരുന്നു.**

ന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്നപക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക" (ആലുഇംറാൻ: 64).

വേദക്കാരെന്നു ക്വുർആൻ വിശേഷിപ്പിച്ച യഹൂദസമൂഹത്തെ സംബന്ധിച്ച് ജ്യൂയിഷ് എൻസൈക്ലോപീഡിയ (യഹൂദ സർവ വിജ്ഞാനകോശം) രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: "ഇസ്രയേൽ പ്രവാചകന്മാരുടെ വിഗ്രഹാരാധനാവിരോധവും അതൃപ്തിയും വ്യക്തമാക്കുന്നത് ഇസ്രയേല്യരിൽ പൗരാണിക കാലംമുതൽ തന്നെ വിഗ്രഹാരാധന ഉണ്ടായിരുന്നുവെന്നാണ്. ബാബിലോണിയയിൽ പ്രവാസജീവിതം കഴിഞ്ഞ് സ്വന്തം നാട്ടിൽ മടങ്ങിയെത്തിയപ്പോൾ പോലും അവർക്കിടയിൽ അതിന്റെ സ്വാധീനം പൂർണമായും നിലച്ചിരുന്നില്ല. ബഹുദൈവത്വപരമായ ധാരാളം വിശ്വാസങ്ങളും യാതൊരടിസ്ഥാനവുമില്ലാത്ത ആചാരങ്ങളും അവർ സ്വീകരിക്കുകയും ചെയ്തു..."

പ്രവാചകൻ തിരുമേനി(സ്വ)യുടെ വ്യക്തിത്വം, അദ്ദേഹത്തിന്റെ സ്വകാര്യജീവിതം, അനുയായികളുടെ വ്യക്തിത്വത്തിൽ ആഴത്തിൽ സ്വാധീനിച്ച സംഭവങ്ങൾ, ആ ശിക്ഷണ സംസ്കരണത്തിലൂടെ ഉടലെടുത്ത വിസ്മയാവഹമായ പ്രതിഫലനങ്ങൾ, ക്വുർആനിന്റെ തന്നെ പ്രൗഢോജ്ജ്വലങ്ങളായ വിഷയങ്ങൾ... ഇവയെല്ലാം തന്നെ സ്രഷ്ടാവിന്റെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളായിരുന്നുവെങ്കിലും ആ ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും നബി(സ്വ)യുടെ പ്രവാചകത്വത്തിൽ സംശയിക്കുകയെന്നത് പ്രവാചകന്മാരുടെ ശൈലിയും വേദഗ്രന്ഥങ്ങളുടെ സ്വഭാവവും മനസ്സിലാക്കിയ ഒരുസമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായിരുന്നു. ഒരു പ്രവാചകന്റെ ആഗമനത്തെക്കുറിച്ച് മുൻ പ്രവാചകന്മാർ വാഗ്ദാനം ചെയ്തിരുന്നത് മുഹമ്മദ് നബി(സ്വ)യെപ്പറ്റിയായിരുന്നെന്ന് വേദക്കാരിൽ എത്രയോ പേർ, വിശിഷ്യാ അവരിലെ പണ്ഡിതന്മാർ തീർത്തും മനസ്സിലാക്കിയിരുന്നു. നബി(സ്വ) സത്യവാനാണെന്നും അദ്ദേഹം ഉന്നയിക്കുന്ന ശിക്ഷണ നിർദേശങ്ങൾ ദൈവികമാണെന്നും പലപ്പോഴും അവർ അറിയാതെതന്നെ സമ്മതിച്ചിരുന്നു.

ഇക്കാരണങ്ങൾ കൊണ്ട്, നിങ്ങൾ നഗ്നദൃഷ്ടികൾകൊണ്ട്



നോക്കിക്കാണുകയും സത്യമെന്ന് സ്വയം സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന, അല്ലാഹുവിന്റെ ദൃക്ഷ്ടാന്തങ്ങളെ മനഃപൂർവം കളവാക്കുകയാണെന്ന് ക്വുർആൻ യഹൂദർക്കെതിരിൽ കുറ്റാരോപണം നടത്തുന്നതായി കാണാം: "വേദക്കാരേ, നിങ്ങളെന്തിനാണ് അല്ലാഹുവിന്റെ തെളിവുകളിൽ അവിശ്വസിക്കുന്നത്? നിങ്ങൾതന്നെ (അവയ്ക്ക്) സാക്ഷ്യം വഹിക്കുന്നവരാണല്ലോ. വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടികലർത്തുകയും അറിഞ്ഞുകൊണ്ട് സത്യം മറച്ചു വെക്കുകയും ചെയ്യുന്നത്?" (ആലുഇംറാൻ:70-71).

എത്ര കടുത്തകുറ്റം ചെയ്താലും തങ്ങൾക്ക് രക്ഷയുണ്ട്, അന്ത്യദിനത്തിൽ ദൈവികസാമീപ്യം സിദ്ധിക്കുന്നവർ തങ്ങളായിരിക്കും, തങ്ങളെ മാത്രമെ ദൈവം കടാക്ഷിക്കൂ, വല്ല പാപവും പ്രവർത്തിച്ചാൽ തന്നെ മഹാത്മാക്കളുടെ പുണ്യം (ബറകത്ത്)കൊണ്ട് അവയെല്ലാം ദൈവം കഴുകിക്കളയും എന്നൊക്കെയുള്ള ചില മിഥ്യാധാരണകൾ യഹൂദർ വെച്ചുപുലർത്തിയിരുന്നു.

### യഹൂദ സംഹിതകളുടെ അടിസ്ഥാനം

യഹൂദപുരോഹിതർ വ്യക്തമാക്കിയതനുസരിച്ച്, ലിഖിതമായ നിലയിൽ ഒരു നിയമസംഹിത യഹൂദർക്ക് ലഭിച്ചിട്ടില്ലായിരുന്നു. പ്രവാചകന്മാരിലൂടെ വാക്കാലും പ്രവൃത്തിയാലും ലഭിച്ച ചില നിർദേശങ്ങൾ ശിഷ്യന്മാരിലൂടെ, പുരോഹിതന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെടുകയായിരുന്നു. ഇവരുടെ അടിസ്ഥാന ഗ്രന്ഥമായി പരിഗണിച്ചുവരുന്ന തൗറാത്ത് തന്നെ രണ്ടുവിധമാണ്; ഫലസ്തീനിയനും ബാബിലോണിയനും. ഫലസ്തീനിയൻ തൗറാത്ത് ക്രിസ്തുവർഷം 3-5 നൂറ്റാണ്ടുകൾക്കിടയിലും ബാബിലോണിയൻ തൗറാത്ത് ഇറാക്കിൽ 5ാം നൂറ്റാണ്ടിലും വിരചിതമായതാണ്. രചിക്കപ്പെട്ട പ്രദേശത്തിന്റെ പ്രാദേശിക ഭാഷാ സ്വാധീനം ഇതിൽ വ്യക്തമാകുന്നു. ഫലസ്തീനിയൻ തൗറാത്തിന്റെ നാലിരട്ടി വലിപ്പമുള്ളതാണ് ബാബിലോണിയൻ തൗറാത്ത്. ഇതിന്റെ പേജുകൾതന്നെ ഏകദേശം 5894ൽപരം വരും. 12 വാല്യങ്ങളായിട്ടാണ് ഇത് അച്ചടിക്കുന്നത്.

**തങ്ങൾ പുലർത്തിയിരുന്ന വംശീയതയും വർഗീയതയും ഇതരസമൂഹങ്ങളുടെ ശ്രദ്ധയിൽപെടാൻ സാധ്യതയുള്ളതിനാലും ബഹുഭൂരിപക്ഷംവരുന്ന ക്രിസ്ത്യാനികളെ ഭയന്നുകൊണ്ടും തൗറാത്ത് മറ്റുള്ളവരുടെ ശ്രദ്ധയിൽ വരാതിരിക്കാൻ യഹൂദർ ശ്രദ്ധിച്ചിരുന്നു. യഹൂദർക്കെതിരിലുള്ള പ്രതിഷേധമെന്നവണ്ണം ക്രി:1242ൽ ഫ്രാൻസിൽ തൗറാത്തിന്റെ പ്രതികൾ പരസ്യമായി കത്തിച്ചുകളയാൻ ഗവണ്മെന്റുതന്നെ കൽപിക്കുകയുണ്ടായി. തുടർന്ന് വിവിധകാലയളവുകളിൽ വ്യത്യസ്ത പ്രദേശങ്ങളിൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്.**



തങ്ങൾ പുലർത്തിയിരുന്ന വംശീയതയും വർഗീയതയും ഇതരസമൂഹങ്ങളുടെ ശ്രദ്ധയിൽപെടാൻ സാധ്യതയുള്ളതിനാലും ബഹുഭൂരിപക്ഷംവരുന്ന ക്രിസ്ത്യാനികളെ ഭയന്നുകൊണ്ടും തൗറാത്ത് മറ്റുള്ളവരുടെ ശ്രദ്ധയിൽ വരാതിരിക്കാൻ യഹൂദർ ശ്രദ്ധിച്ചിരുന്നു. യഹൂദർക്കെതിരിലുള്ള പ്രതിഷേധമെന്നവണ്ണം ക്രി:1242ൽ ഫ്രാൻസിൽ തൗറാത്തിന്റെ പ്രതികൾ പരസ്യമായി കത്തിച്ചുകളയാൻ ഗവണ്മെന്റുതന്നെ കൽപിക്കുകയുണ്ടായി. തുടർന്ന് വിവിധകാലയളവുകളിൽ വ്യത്യസ്ത പ്രദേശങ്ങളിൽ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. ഫലസ്തീൻ-ബാബിലോണിയൻ തൗറാത്തുകൾ സംയോജിപ്പിച്ചുകൊണ്ട് സംയുക്ത തൗറാത്തിന്റെ പ്രഥമ പതിപ്പ് അച്ചടിക്കപ്പെട്ടത് ക്രി:1520നും 1524നും മധ്യെയാണ്. ഇറ്റലിയിൽ ആയിരുന്നു ഇതിന്റെ ആദ്യത്തെ അച്ചടി.

ക്രിസ്ത്യാനികളിൽ സ്വഭാവദൂഷ്യം ആരോപിക്കുന്നുവെന്ന വിവാദത്തിന്റെ ഭാഗമായി ഇറ്റലിയിൽ ക്രി:1553ൽ തൗറാത്ത് പരസ്യമായി ചുട്ടെരിച്ചു. ഈ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ക്രി:1831ൽ കൂടിയ യഹൂദ കൗൺസിൽ തീരുമാനപ്രകാരം ക്രിസ്ത്യാനികൾക്കെതിരിൽ തൗറാത്തിൽ രേഖപ്പെടുത്തിയിരുന്ന ആരോപണങ്ങൾ അവരെ ഭയന്ന് നീക്കംചെയ്യുകയുണ്ടായി.

*(തുടരും)*

മുഫീദ് പാലക്കാഴി
: 92075 25244



# ആധുനിക ഫത്‌വകൾ

**കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ**
**വില:** ₹120

കുറഞ്ഞ കാലയളവിനുള്ളിൽ പുസ്തക പ്രസിദ്ധീകരണ രംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച 'വിസ്ഡം ബുക്സ്' ഷാർജ അന്താരാഷ്ട്ര പുസ്തക മേളയോടനുബന്ധിച്ച് അഞ്ചു പുതിയ പുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

അതിൽ ഒന്നാണ് 'ആധുനിക ഫത്‌വകൾ.' മതവിധികൾ സംക്ഷിപ്തമായി വിവരിക്കുന്ന, വിശ്വാസികളുടെ സംശയങ്ങൾക്ക് ലളിതമായും പ്രാമാണികമായും പണ്ഡിതന്മാർ നൽകുന്ന മറുപടികളാണ് ഇതിലുള്ളത്. ഒരു വിശ്വാസി അടിസ്ഥാനപരമായി ഗ്രഹിച്ചിരിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള തെരഞ്ഞെടുത്ത ഫത്‌വകളുടെ വിവർത്തനമാണിത്. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂരാണ് ഫത്‌വകളുടെ ക്രോഡീകരണവും ഭാഷാന്തരവും നിർവഹിച്ചിരിക്കുന്നത്.

മതവിധികളെക്കുറിച്ചുള്ള ലഘുവായ വിവരണവും ശൈഖ് അബ്ദുൽ അസീസ് ഇബ്നു അബ്ദില്ലാഹ് ഇബ്നു ബാസ്, ശൈഖ് ഇബ്നു ഉസൈമീൻ, ഡോ. ശൈഖ് ജിബ്രീൻ, ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ എന്നീ ആധുനികരായ പ്രസിദ്ധ പണ്ഡിതന്മാരെക്കുറിച്ചുള്ള പരിചയപ്പെടുത്തലും ഈ പുസ്തകത്തെ വ്യതിരിക്തമാക്കുന്നു.

മഹാന്മാരോട് ഇസ്തിഗാസ, ശരീഅത്ത് നിയമങ്ങളുടെ പ്രസക്തി, ഭീകരപ്രവർത്തനങ്ങൾ, മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണം, സ്വതന്ത്രചിന്ത, അറിയില്ല എന്ന പല്ലവി, ശിശുക്കൾ പരലോകത്ത്, ഭക്തി മനസ്സിൽ മാത്രമോ, മൗലികവാദം-തീവ്രവാദം, മർഹൂം എന്ന് പറയാമോ തുടങ്ങി 50ൽപരം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫത്‌വകളാണ് ഈ പുസ്തകത്തിലുള്ളത്. ■

# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യാന്വേഷണത്തിന്റെ അന്ത്യം

**പി.എൻ. സോമൻ**
**വില:** ₹190



ലോകപ്രശസ്തരായ ധിഷണാശാലികളുടെ ഇസ്‌ലാമാശ്ലേഷണത്തിന്റെ നാൾവഴികൾ രേഖപ്പെടുത്തിയ പുസ്തകങ്ങൾ നിരവധിയുണ്ട്. അവയിൽനിന്നെല്ലാം വ്യത്യസ്തമായ, ഉദ്വേഗ ജനകമായ ഒരു വിവരണമാണ് ഈ പുസ്തകത്തിലുള്ളത്. സഹ്യഗിരിനിരകളിൽ, പുറംലോകവുമായി കൂടുതൽ ബന്ധമില്ലാതെ ജീവിതം നയിക്കുന്ന ഗോത്രവാസികളിലേക്ക് സത്യധർമവ്യവസ്ഥ എങ്ങനെ ഒരു മഴമേഘമായി പെയ്തിറങ്ങി വേരുറപ്പിക്കുന്നു എന്നതിന്റെ നേർചിത്രമാണ് ഈ പുസ്തകത്തിൽ വരച്ചിടുന്നത്. അന്വേഷിക്കുന്നവരിലേക്ക് പ്രപഞ്ചനാഥന്റെ നേർഭാഷണം എങ്ങനെയൊക്കെ എത്തിക്കപ്പെടുന്നു എന്നതിന്റെ അത്ഭുതകരമായ ഒരു ആവിഷ്കാരം. ആ ശക്തിക്കു മുമ്പിൽ പണ്ഡിതനെന്നോ പാമരനെന്നോ കറുത്തവനെന്നോ വെളുത്തവനെന്നോ വേർതിരിവുകളില്ല. ആത്മാർഥമായി അന്വേഷിക്കുന്നവൻ സത്യപാതയിലേക്ക് എത്തിച്ചേരുക തന്നെ ചെയ്യും എന്നും ഈ അനുഭവവിവരണം വ്യക്തമാക്കിത്തരുന്നു.

ഒരു വ്യാഴവട്ടക്കാലത്തിലധികം നീണ്ടുനിന്ന തന്റെ സത്യാന്വേഷണവീഥിയിൽ ഗ്രന്ഥകാരനനുഭവിച്ച ഉൾവേവുകളാണ് ഈ രചന. സ്വതസിദ്ധമായ, യാതൊരു കൃത്രിമവും ഇല്ലാത്ത, ഹൃദയത്തിന്റെ ഭാഷയിലുള്ള ഈ അനുഭവ വിവരണം, വായിക്കുന്നവർക്ക് ഒരു പുതിയ വായനാനുഭവം തന്നെയായിരിക്കും ■



# മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണം?

വിവ: **കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ**
: 9947452245

*? ചോദ്യം: മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്ക് കാരണം അവരുടെ മതമാണെന്നും മതം നിരസിച്ചു ജീവിച്ച പാശ്ചാത്യർ നാഗരികതയിലും സുഭിക്ഷതയിലും മുന്നിലാണെന്നും അതിനാൽ മതനിരാസമാണ് പുരോഗതിക്ക് കാരണമെന്നും പറയാമോ?*

ഉത്തരം: വിശ്വാസ ദൗർബല്യവും ചരിത്രത്തെപ്പറ്റിയുമുള്ള അജ്ഞതയുമാണ് ഈ സംശയത്തിന് കാരണം. മുസ്‌ലിം സമൂഹം ആദ്യകാലത്ത് അവരുടെ മതനിഷ്ഠ പൂർണമായും പാലിച്ചു ജീവിച്ചപ്പോൾ ജീവിതത്തിന്റെ നിഖില മേഖലകളിലും അവർക്കു പ്രതാപവും ഔന്നിത്യവും ലഭിച്ചിട്ടുണ്ടായിരുന്നു. പാശ്ചാത്യർക്ക് വിജ്ഞാന വെളിച്ചം ലഭിച്ചതുതന്നെ ആദ്യകാല മുസ്‌ലിംകളിൽ നിന്നായിരുന്നു എന്നത് ചരിത്ര വസ്തുതയാണ്.

ഈ സമുദായം പക്ഷേ, പിന്നീട് മതത്തിൽനിന്ന് പിന്നോട്ടു പോയി. മതത്തിലില്ലാത്ത പലതും വിശ്വാസത്തിലും വാക്കിലും പ്രവൃത്തിയിലും അവർ കെട്ടിച്ചമച്ചു. അത് അവരുടെ പിന്നാക്കത്തിന് ഹേതുവായിത്തീർന്നു. അല്ലാഹുവാണ് സാക്ഷി, നമുക്കുറപ്പായിട്ടും പറയാം; മുസ്‌ലിംകൾ അവരുടെ മതത്തിലേക്ക് യഥാവിധം മടങ്ങിയാൽ ആ നഷ്ടപ്രതാപം വീണ്ടെടുക്കാൻ കഴിയും.

പ്രവാചക കാലത്ത് റോമാ സാമ്രാജ്യം ഏറ്റവും വലിയ ശക്തിയായിരുന്നു. അവരുടെ രാജാവായ ഹെറാക്ലീസ് നബി(സ്വ) യുടെ അക്കാലത്തെ കഠിന ശത്രുവായിരുന്ന അബൂസുഫ്‌യാനോട് പറഞ്ഞത് കാണുക: 'താങ്കൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹം (മുഹമ്മദ്) പ്രവാചകൻ തന്നെയാണ്... അദ്ദേഹത്തിന്റെ അംഗീകാരം എന്റെ കാലടിവരെ (ശാം രാജ്യങ്ങൾ) എത്തുമെന്നുറപ്പാണ്.' അബൂസുഫ്‌യാൻ പിന്നീട് പറഞ്ഞു: 'ഇബ്നു അബീകയുടെ (മുഹമ്മദ് നബി (സ്വ)യെ ശത്രുക്കൾ പരിഹസിച്ചു വിളിച്ച പേര്) നിലപാട് ശക്തികൂടി വരികതന്നെയാണ്. ബനൂ അസ്ഫറിലെ രാജാവ് (റോമൻ ചക്രവർത്തി) പോലും അവനെ പേടിക്കുന്നുണ്ട്" (ബുഖാരി, മുസ്‌ലിം).

മറ്റൊന്ന്, പാശ്ചാത്യനാടുകളിലെ സമൃദ്ധിയും പുരോഗതിയും മതനിരാസം മൂലമുണ്ടായതല്ല. ഇസ്‌ലാം സമൃദ്ധിയെയും പുരോഗതിയെയും ഒരിക്കലും തടസ്സപ്പെടുത്തിയിട്ടില്ല. പക്ഷേ, നാം നമ്മുടെ ബാധ്യത യഥാവിധി നിർവഹിക്കുന്നില്ലെന്നതാണ് പ്രശ്നം. നാം ദീനിനെയും ദുൻയാവിനെയും നഷ്ടപ്പെടുത്തുകയാണ്. അല്ലാഹു പറയുന്നത് കാണുക: "അവർക്കുവേണ്ടി നിങ്ങൾ കഴിയുംവിധം ശക്തി സംഭരിക്കുക."

വൈജ്ഞാനിക രംഗത്തും വ്യാവസായിക രംഗത്തും തുടങ്ങിയ വിവിധ മേഖലകളിൽ ശക്തിനേടാനുള്ള കൽപനയാണിത് എന്ന് ഇമാം സഅ്ദി ഈ സൂക്തത്തെ വ്യാഖ്യാനിച്ചപ്പോൾ വിവരിച്ചിട്ടുണ്ട്.

"അവനാകുന്നു നിങ്ങൾക്കുവേണ്ടി ഭൂമിയെ വിധേയപ്പെടുത്തിന്നവൻ. അതി

നാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും ഉപജീവനത്തിൽനിന്ന് ഭക്ഷിക്കുകയും ചെയ്യുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപും" (67:15).

"അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്" (2:29).

"ഭൂമിയിൽ തൊട്ടുതൊട്ടു കിടക്കുന്ന ഖണ്ഡങ്ങളുണ്ട്" (13:4).

ഇപ്രകാരമുള്ള ഖുർആൻ വചനങ്ങൾ മനുഷ്യനോട് ഭൂമിയെ പ്രയോജനപ്പെടുത്താനും നമ്മൾ നേടാനും പ്രവർത്തിക്കാനും വ്യക്തമായി ആഹ്വാനം ചെയ്യുന്നുണ്ട്. അത് പക്ഷേ, മതത്തിന്റെ കണക്കിലല്ല എന്നു മാത്രം.

എന്നാൽ കേവല ഭൗതികതയിൽ മാത്രം ജീവിക്കുന്നവർക്ക് മതമില്ല. അവർ നേടുന്ന പുരോഗതികളും സുഭിക്ഷതയും പരീക്ഷണമാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ അത്തരം സുഖസമൃദ്ധികൾ കാരുണ്യവാനായ അല്ലാഹു അവർക്കു മുൻകൂട്ടി നൽകിയതാണ്. പരലോകത്ത് ഒരോഹരിയും അവർക്ക് ബാക്കിയുണ്ടാവുകയില്ല.

നബി(സ്വ) കിടന്നെഴുന്നേറ്റ സമയത്ത് ശരീരത്തിൽ ഓലപ്പായയുടെ പാടുകൾ കണ്ടപ്പോൾ ഉമർ(റ) കരഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: "നബിയേ, പേർഷ്യക്കാരും റോമക്കാരും എത്രയോ വലിയ സുഖസമൃദ്ധിയിലാണ് ജീവിക്കുന്നത്. താങ്കളുടെ സ്ഥിതി ഇതാണല്ലോ!" നബി (സ്വ) പറഞ്ഞു: "നിനക്കും സംശയമാണോ ഉമർ? തങ്ങൾക്കുള്ള സുഖങ്ങളെല്ലാം ഈ ലോകത്തുതന്നെ നൽകപ്പെട്ടവരാണവർ" (ബുഖാരി).

അതു മാത്രമല്ല, ക്ഷാമം, മഹാമാരികൾ, ഭൂകമ്പം, സർവനാശിയായ കൊടുങ്കാറ്റുകൾ എന്നിവ അവർക്കും ബാധിക്കുന്നുണ്ട് താനും.

പിന്നീട് ചോദ്യകർത്താവിനോട് പറയാനുള്ളത് അപകർഷതാബോധം ഉപേക്ഷിക്കുക എന്നതാണ്. അനുഭവ യാഥാർഥ്യങ്ങളെപ്പറ്റിയുള്ള ധാരണക്കുറവാണ് ഈ ചോദ്യത്തിന്റെ പ്രേരണ. സ്രഷ്ടാവായ റബ്ബിന്റെ മതമെ അന്തിമമായി വിജയിക്കുകയുള്ളൂ. നാം ആ മതത്തിലേക്ക് പൂർണമായും മടങ്ങണം. മതനിരാസമുള്ളവർക്ക് ദുഃഖങ്ങളും സംഘർഷങ്ങളും കെടുതികളും ഇല്ല എന്ന ധാരണ തെറ്റാണ്. സമൃദ്ധി, സുഖം എന്നിവയൊക്കെ പരീക്ഷണങ്ങൾ മാത്രമാണ്. അല്ലാഹു സന്മാർഗത്തിൽ ജീവിക്കാൻ സാധിപ്പിച്ചു തരുമാറാകട്ടെ.

**?** *ചോദ്യം: ഇവിടെനിന്ന് യൂറോപ്പിലേക്ക് പഠിക്കാൻ യാത്രപുറപ്പെടുന്ന വിദ്യാർഥിയോട് ഒരാൾ പറയുന്നു: 'മോനേ, നീ വല്ല തെറ്റും ചെയ്യാൻ വിചാരിക്കുമ്പോൾ ശൈഖിനെ ഓർക്കുക, അല്ലാഹു അതിൽനിന്നും നിന്നെ അകറ്റും.' ഇത് പറയാമോ?*

ഉത്തരം: മഹാ അബദ്ധമാണ് അപ്പറഞ്ഞത്. അത് ശിർക്കുമാണ്. അല്ലാഹുവിനെ ഓർക്കണം എന്നാണ് പറയേണ്ടത്. അല്ലാഹുവിങ്കൽനിന്ന് രക്ഷ ചോദിക്കുകയാണ് വേണ്ടത്. അതിരുവിട്ട സൂഫി വിശ്വാസമാണ് ഇത്തരം ആശയങ്ങളിൽകൂടി മുരീദുകളെയും ശിഷ്യന്മാരെയും പഠിപ്പിക്കുന്നത്. വിഷമഘട്ടങ്ങളിൽ അല്ലാഹുവിൽ അഭയം പ്രാപിച്ച് അവനെ മാത്രം ഭരമേൽപിച്ചു ജീവിക്കണമെന്ന് ജനങ്ങളെ പഠിപ്പിക്കണം. (ശൈഖ് ഇബ്നുബാസ്).

**?** *ചോദ്യം: മതനിയമങ്ങളെ കാമ്പും തൊലിയുമായി അഥവാ പരിഗണനീയം, അവഗണനീയം എന്നിങ്ങനെ വകതിരിക്കാമോ? ഉദാ: താടി നീട്ടൽ.*

ഉത്തരം: മതത്തിലുള്ളതെല്ലാം കാമ്പു തന്നെയാണ്. പ്രയോജനകരവുമാണ്. വസ്ത്രധാരണം, വേഷവിധാനങ്ങൾ, താടി തുടങ്ങിയതെല്ലാം നബി(സ്വ)യുടെ ചര്യ പിന്തുടർന്നുകൊണ്ടു ചെയ്താൽ പുണ്യ കർമമാണ്. ആ അർഥത്തിൽ മതത്തിൽ കാമ്പല്ലാത്തതൊന്നും ഇല്ലതന്നെ.

എന്നാൽ ഇസ്‌ലാമിൽ പ്രാധാന്യപൂർവം പരിഗണിക്കേണ്ട കാര്യങ്ങളുണ്ട്. ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങൾ ആ കൂട്ടത്തിൽ പെടുന്നു. എന്നാൽ ഇത്ര പ്രാധാന്യമല്ലാത്ത കാര്യങ്ങളുമുണ്ട്. അതിനർഥം അവയെ അവഗണിക്കണമെന്നല്ല,

താടി നീട്ടൽ നബിചര്യ അനുശാസിക്കുന്ന ആരാധനതന്നെയാണ്. നബി(സ്വ) യിൽനിന്ന് സ്ഥിരപ്പെട്ടതാണ്. അതിനെ വെറും അപ്രസക്തമായ ആചാരമായി തള്ളിക്കളയരുത്. (ശൈഖ് ഇബ്നു ഉസൈമീൻ, മജ്മൂഉ ഫതാവാ വറസാഇൽ, 3:134-135).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

أَفَمَن شَرَحَ ٱللَّهُ صَدۡرَهُۥ لِلۡإِسۡلَٰمِ فَهُوَ عَلَىٰ
نُورٖ مِّن رَّبِّهِۦۚ فَوَيۡلٞ لِّلۡقَٰسِيَةِ قُلُوبُهُم مِّن ذِكۡرِ
ٱللَّهِۚ أُوْلَٰٓئِكَ فِي ضَلَٰلٖ مُّبِينٍ ٢٢
ٱللَّهُ نَزَّلَ أَحۡسَنَ ٱلۡحَدِيثِ كِتَٰبٗا مُّتَشَٰبِهٗا
مَّثَانِيَ تَقۡشَعِرُّ مِنۡهُ جُلُودُ ٱلَّذِينَ يَخۡشَوۡنَ
رَبَّهُمۡ ثُمَّ تَلِينُ جُلُودُهُمۡ وَقُلُوبُهُمۡ إِلَىٰ ذِكۡرِ
ٱللَّهِۚ ذَٰلِكَ هُدَى ٱللَّهِ يَهۡدِي بِهِۦ مَن يَشَآءُۚ
وَمَن يُضۡلِلِ ٱللَّهُ فَمَا لَهُۥ مِنۡ هَادٍ ٢٣

22. അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്യുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?) എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ.

23. അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനെയും അവൻ പിഴവിലാക്കുന്നപക്ഷം അവന് വഴികാട്ടാൻ ആരും തന്നെയില്ല.

22). അതായത് ഇസ്‌ലാം സ്വീകരിക്കാൻ ഹൃദയത്തിന് വിശാലത ലഭിച്ചവൻ. മതനിയമങ്ങൾ അവൻ പാലിക്കുന്നു, തൃപ്തിയോടെ അത് പ്രവർത്തിക്കുന്നു. അവന്റെ നിർദേശങ്ങളിൽ ഉൾക്കാഴ്ച ഉണ്ടാവുകയും അതിൽ സന്തോഷിക്കുക യും ചെയ്യുന്നു. അതാണല്ലാഹു പറഞ്ഞത് (അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കും). ഇതിന് വിപരീതമായ മറ്റൊരാളുണ്ട്. (അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം) അല്ലാഹുവിന്റെ ഗ്രന്ഥത്തിന് അവൻ വഴങ്ങിയില്ല. അവന്റെ ദൃഷ്ടാന്തങ്ങൾ അവനെ ചിന്തിപ്പിച്ചില്ല. അവന്റെ സ്മരണകൾ അവന്റെ മനസ്സിനെ ശാന്തമാക്കിയില്ല. തന്റെ രക്ഷിതാവിനെ അവൻ അവഗണിച്ചു. അവനല്ലാത്തവരിലേക്കവൻ തിരിഞ്ഞു. ഇവർക്കാണ് നാശം. ഇതാണ് ഏറ്റവം വലിയ തിന്മ. (അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ). തന്റെ രക്ഷിതാവിനെ അവഗണിക്കുന്നതിനെക്കാൾ വലിയ വഴികേട് മറ്റെന്താണുള്ളത്. അവനെ സ്വീകരിക്കുന്നതിലാണ് സർവസൗഭാഗ്യവും). എന്നാൽ അവനെ സ്മരിക്കാതെ ഹൃദയം കടുത്തുപോയവൻ, തനിക്ക് ദോഷകരമായതിനെയെല്ലാം അവൻ സ്വീകരിക്കുന്നു.

23). അല്ലാഹു അവനിറക്കിയ ഗ്രന്ഥത്തെക്കുറിച്ച് പറയുന്നു: (ഏറ്റവും ഉത്തമമായ വർത്തമാനം) എല്ലാനിലയ്ക്കും ഉത്തമമായ വർത്തമാനം അല്ലാഹുവിന്റെ കലാമാണ്. ഇറക്കപ്പെട്ട വേദഗ്രന്ഥങ്ങളിൽ ഏറ്റവും ഉത്തമം അല്ലാഹുവിന്റെ വചനങ്ങളായ ഈ ക്വുർആനാണ്. ഏറ്റവും ഉത്തമമായത് എന്നാൽ; അതിന്റെ പദങ്ങൾ വ്യക്തതയുള്ളതാണ്, ആശയങ്ങൾ ഉന്നതമായതും. ആശയത്തിലും പദത്തിലും ഏറ്റവും നല്ല സംസാരം. മേന്മയിലും പൊരുത്തത്തിലും വൈരുധ്യമില്ലായ്മയിലും പരസ്പര സാമ്യമുള്ളതാണ്. ഏത് നിലയിൽ പരിശോധിച്ചാലും ചിന്തിച്ച് പഠിക്കുന്നവൻ

അതിന്റെ പരസ്പര യോജിപ്പ് കണ്ടെത്തുന്നു. അതിന്റെ നിഗൂഢമായ ആശയങ്ങളിൽപോലും അതുണ്ട്. കാഴചക്കാരെ അത് വിസ്മയിപ്പിക്കുന്നു. അഗാധജ്ഞനും യുക്തിമാനുമായവനിൽനിന്നല്ലാതെ അതുണ്ടാവില്ലെന്ന് അവനുറപ്പിക്കുന്നു. ഇവിടെ പരസ്പര സാമ്യമുള്ളത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അതാണ്.

എന്നാൽ മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَـٰبَ مِنْهُ ءَايَـٰتٌ مُّحْكَمَـٰتٌ هُنَّ أُمُّ ٱلْكِتَـٰبِ وَأُخَرُ مُتَشَـٰبِهَـٰتٌ

"നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട് അവയത്രെ ഗ്രന്ഥത്തിന്റെ മൗലികഭാഗം" (3:7).

ഇവിടെ ഉദ്ദേശ്യം ജനങ്ങൾക്ക് അവ്യക്തതയുള്ളവയാണ്; വ്യക്തതയുള്ള വിശദീകരണം ലഭിക്കുന്നതുവരെ അവ്യക്തമായിരിക്കുന്ന വചനങ്ങൾ. അതാണ് അല്ലാഹു പറഞ്ഞത്:

مِنْهُ ءَايَـٰتٌ مُّحْكَمَـٰتٌ هُنَّ أُمُّ ٱلْكِتَـٰبِ وَأُخَرُ مُتَشَـٰبِهَـٰتٌ

"അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്" (3:7).

ചിലതിൽ സാദൃശ്യമുണ്ടാക്കിയിട്ടുണ്ട്. ക്വുർആനിലെ മുഴുവൻ വചനങ്ങളെക്കുറിച്ചുമാണ് ഇവിടെ പറഞ്ഞത്; അത് ഉത്തമ ഗുണമായിട്ടാണ്. (ഏറ്റവും ഉത്തമമായ വർത്തമാനം). അത് അധ്യായങ്ങളും വചനങ്ങളുമാണ്; എല്ലാം പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. (ആവർത്തിക്കപ്പെടുന്ന വചനങ്ങളും) മതവിധികൾ, കഥകൾ, താക്കീതുകൾ, വാഗ്ദത്തങ്ങൾ എന്നിവ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നന്മയുടെയും തിന്മകളുടെയും ആളുകളെക്കുറിച്ചും അല്ലാഹുവിന്റെ നാമങ്ങളും ആവർത്തിച്ച് പറയുന്നുണ്ട്. നാമങ്ങൾ ആവർത്തിച്ചു പറയുന്നത് അതിന്റെ മഹത്ത്വം, ഉൽകൃഷ്ടത എന്നിവയാലാണ്. അല്ലാഹുവിന്റെ നാമങ്ങളുടെ അർഥം മനസ്സിലാകുന്നതിലൂടെ ഹൃദയങ്ങൾ സംസ്കരിക്കപ്പെടുകയും സ്വഭാവപൂർത്തീകരണം നടക്കുകയും ചെയ്യുന്നു. മരത്തിന് വെള്ളം എന്നപോലെ പ്രധാനമാണ് ഹൃദയങ്ങൾക്ക് ഇത്തരം ആശയങ്ങൾ. വെള്ളം കുറയുന്നത് മരത്തെ ബാധിക്കുന്നു. ചിലപ്പോളത് നശിച്ചുപോവുകയും ചെയ്യും. നനക്കൽ തുടങ്ങുമ്പോൾ അത് പുഷ്ടിപ്പെടുന്നു. ഉപകാരപ്രദമായ വിവിധ ഫലങ്ങൾ അവ നൽകുന്നു. അല്ലാഹുവിന്റെ വചനങ്ങളുടെ നിരന്തര പഠനം ഹൃദയങ്ങൾക്ക് ഏറെ ആവശ്യമാണ്. ഒരു പക്ഷേ, ഇത്തരം ഉപകാരപ്രദമായ ആശയങ്ങൾ ആവർത്തിക്കപ്പെടാതെ ക്വുർആൻ ഒരു സ്ഥലത്തു മാത്രം പറഞ്ഞവസാനിപ്പിച്ചാൽ അതിന് അർഹിക്കുന്ന പ്രാധാന്യമോ ഫലമോ ലഭിച്ചുകൊള്ളണമെന്നില്ല.

അതിനാൽ, ഈ വ്യാഖ്യാനത്തിൽ ഞാൻ അതേ രീതിശാസ്ത്രം പിന്തുടർന്നു. ഒരു സ്ഥലത്തും ഈയൊരു മാറ്റം കാണുകയില്ല. എല്ലാ സ്ഥലത്തും വിശദീകരിക്കുന്നുണ്ട്. മുമ്പ് പറഞ്ഞുപോയി എന്നതുകൊണ്ട് ഓരോ തവണയും ഒരു ആശയം പരാമർശിക്കുമ്പോൾ അത് പൂർണമായി വിശദീകരിക്കുന്നതായി നിങ്ങൾ കണ്ടെത്തും. ചില സ്ഥലങ്ങളിൽ സംക്ഷിപ്തമായി പറഞ്ഞത് മറ്റു ചില സ്ഥലങ്ങളിൽ വിശദമായി പറയുന്നുണ്ട്. അത് കൂടുതൽ ഉപകാരപ്രദമായിരിക്കും. അതുകൊണ്ടുതന്നെ ക്വുർആൻ പഠിക്കുന്ന വ്യക്തി അതിന്റെ ആശയങ്ങൾ വിശകലനം ചെയ്യുമ്പോൾ ഒരേ ആശയം വരുന്ന എല്ലാ സ്ഥലത്തും പഠനംനടത്തണം. അതുകൊണ്ട് വലിയ പ്രയോജനം അയാൾക്ക് ലഭിക്കും.

ഈ മഹത്ത്വം കാരണം സന്മാർഗികളായ ബുദ്ധിമാന്മാർക്ക് ഹൃദയങ്ങളിൽ ക്വുർആൻ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. (തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു) അതിൽ ഭയപ്പെടുത്തുകയും പേടിപ്പിക്കുകയും ചെയ്യുന്ന ആശയങ്ങളുണ്ട്. (പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു) പ്രതീക്ഷയും ആഗ്രഹവും പരാമർശിക്കുമ്പോൾ അത് ചില സന്ദർഭങ്ങളിൽ നമ്മക്ക് പ്രേരിപ്പിക്കും.

(അതത്രെ) ക്വുർആൻ അവരിലുണ്ടാക്കുന്ന സ്വാധീനം. (അല്ലാഹുവിന്റെ മാർഗദർശനം) തന്റെ ദാസന്മാർക്ക് അവൻ നൽകുന്ന മാർഗദർശനം. അത് അവർക്കവൻ ചെയ്യുന്ന കാരുണ്യവും ഔദാര്യവും കൂടിയാണ്. (അതുമുഖേന അവൻ നേർവഴിയിലാക്കുന്നു) അതുനിമിത്തം. (അവൻ ഉദ്ദേശിക്കുന്നവരെ) തന്റെ ദാസന്മാരിൽനിന്നും. അതത്രെ എന്നു പറഞ്ഞത് നേരത്തെ വിശദീകരിച്ച, സവിശേഷമായ ക്വുർആനുമാകാം.

(അല്ലാഹുവിന്റെ മാർഗദർശനം) അതുമുഖേന മാത്രമെ അല്ലാഹുവിലേക്കെത്തൂ. (അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു) ഉദ്ദേശ്യം നന്നായാൽ,

يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ سُبُلَ ٱلسَّلَـٰمِ

"അല്ലാഹു തന്റെ പൊരുത്തം നേടിയവരെ അതുമുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു" (5:16).

(വല്ലവനെയും അവൻ പിഴവിലാക്കുന്നപക്ഷം അവന് വഴികാട്ടാൻ ആരുംതന്നെയില്ല) അവന്റെ തൗഫീകില്ലാതെ സന്മാർഗം പ്രാപിക്കില്ല. വിശുദ്ധ ക്വുർആനിലൂടെയല്ലാതെ അവന്റെ തൗഫീക് ഉണ്ടാവുകയുമില്ല. ക്വുർആനിലേക്ക് തിരിയാതെ മറ്റു വഴികളില്ല. മറ്റുള്ളതെല്ലാം വ്യക്തമായ വഴികേടും ദുരന്തങ്ങളുമാണ്.



# കടൽ ഒരു വിസ്മയം

ഉസ്മാൻ പാലക്കാഴി
: 9656 292 244

കടലേ, കടലേ, നീലക്കടലേ
നിന്നെക്കാണാനെന്തഴക്!

കുതിച്ചുയർന്നു വരും തിരകൾ
മുത്തുകളായിച്ചിതറുമ്പോൾ,

കാഴ്ചയതെത്ര മനോഹരമാം,
കണ്ടാലും കൊതി തീരില്ല!

ഒന്നിനു പിന്നിൽ ഒന്നായി
തീരത്തെത്തും തിരമാല!

ഒരിക്കലും അത് നിൽക്കില്ല
തടുക്കുവാനും കഴിയില്ല!

സന്ധ്യാനേരം ആകുമ്പോൾ,
സൂര്യൻ മെല്ലെ മറയുമ്പോൾ,

പലവർണക്കുടയാകാശം
നിവർത്തിടുന്നു നിൻ മീതെ.

അപ്പോൾ നിന്നെക്കാണാനായ്
കടലേ, കടലേ, എന്തഴക്!

കളറുകൾ വാരിത്തേച്ചതുപോൽ
കടലേ, നീ നിലകൊള്ളുന്നു!

സൂര്യൻ പോയി മറഞ്ഞെന്നാൽ
ഇരുട്ടു വന്നു പൊതിഞ്ഞെന്നാൽ

കടലേ, നിന്നെക്കാണുമ്പോൾ
ഉള്ളിൽ പേടി നിറയുന്നു!

മൽസ്യമടക്കം എന്തെല്ലാം
ജീവികളുണ്ട് നിന്നുള്ളിൽ!

സ്രഷ്ടാവിന്റെ കഴിവല്ലോ
കടലേ, നിന്നിൽ കാണുന്നു!

കൃത്യതയോടെ എല്ലാതും
പടച്ചതേകൻ റബ്ബല്ലോ.

അവനോടാകണം പ്രാർഥനകൾ,
അവനേ കേൾക്കൂ പ്രാർഥനകൾ.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
11 November 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

**പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണം**

**ഇപ്പോൾ Unicode, PDF, Flipbook, Kindle & Audio വേർഷനുകൾ ലഭ്യം**




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

II പ്രമാണങ്ങൾക്കൊപ്പം II ഗുണകാംക്ഷയുടെ ശബ്ദം
II നേരിന്റെ ആർജ്ജവം II വേറിട്ട വായനാനുഭവം

**പ്രചാരണ മാസം**
**2023 നവം: 10 - ഡിസം: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**